SINCE 1976

# ഐക്യദീപം

വില ₹ 10

2018 ഏപ്രിൽ



**ഡോ. സാമുവേൽ മാർ ഐറേനിയോസ്**
CO ADJUTOR BISHOP, പത്തനംതിട്ട



**ഡോ. യൂഹാന്നോൻ മാർ തിയോഡോഷ്യസ്**
CO ADJUTOR BISHOP, മൂവാറ്റുപുഴ



സൂര്യകൃഷ്ണമൂർത്തി
**ആത്മീയാനുഭവത്തിന്റെ കല**



ഫ്രാൻസിസ് നൊറോണ
**സുവിശേഷതീരത്തെ വെളിച്ചം**



ഫാ. ഡോ. ഐസക് പറപ്പള്ളിൽ
**ഉയിർപ്പുതിരുനാളും ദൈവശാസ്ത്രചിന്തകളും**

തീർത്ഥാടനം
**ഹാശാ ആഴ്ച**



# Bodhana

## Tiruvalla Social Service Society

Pushpagiri Road,Tiruvalla -1

Ph. 0469 2730561, 2606063, Fax. 0469 2633295

E-mail : bodhanatiruvalla@gmail.com, www.bodhanatiruvalla.org





Social Work Department of the Malankara Archdiocese of Thiruvalla




2018 ഏപ്രിൽ
പുസ്തകം 51 ലക്കം 3

# ഐക്യദീപം

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. എബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

അസോസിയേറ്റ് എഡിറ്റർ, മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. സാം ഒറ്റക്കല്ലിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

## ഉള്ളടക്കം



ഉയിർപ്പുതിരുനാളും ദൈവശാസ്ത്രചിന്തകളും — 6
ഫാ. ഐസക് പറപ്പള്ളിൽ

സുവിശേഷതീരത്തെ വെളിച്ചം — 10
ഫ്രാൻസിസ് നൊറോണ

ആ മനുഷ്യൻ നീ തന്നെ — 12
കവിയൂർ ശിവപ്രസാദ്

ആത്മീയാനുഭവത്തിന്റെ കല — 20
സൂര്യാകൃഷ്ണമൂർത്തി

ആരോഗ്യദീപം വീണ്ടും ചില CATH കാര്യങ്ങൾ — 36
ഡോ. സാജൻ അഹമ്മദ്

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com

## എഡിറ്റോറിയൽ



# ഉയിർത്തെഴുന്നേൽക്കുന്ന മനുഷ്യൻ

**ക്രി**സ്തുവിന്റെ ഉയിർപ്പ് മനുഷ്യവംശത്തിനു നല്കുന്ന ഏറ്റവും വലിയ സന്ദേശം എന്താണ്? നശ്വരനല്ല മനുഷ്യൻ. ദൈവസൃഷ്ടിയായ മനുഷ്യന്, പ്രത്യാശയുടെ സന്ദേശവുമായാണ് ഈസ്റ്റർ ആചരണം കടന്നു വന്നത്. അടിമത്തവും മരണവും പുത്തൻരൂപഭാവങ്ങളിൽ മനുഷ്യനെ ബന്ധിക്കുന്ന കാലത്ത് ഉയിർത്തെഴുന്നേൽപ്പിനു പ്രസക്തിയേറും. വിധിയെ പഴിച്ച് ജീവിതം നിരാശയുടെ ഇരുളിൽ തളച്ചിടുന്നവർക്ക് ക്രിസ്തുവിനെ അറിയാനും അനുഗമിക്കാനും വഴിയൊരുക്കണം ക്രിസ്തുസന്ദേശം നൂറ്റാണ്ടുകൾക്കു പിന്നിൽ മറവുചെയ്യപ്പെട്ട ഒരാശയമല്ല. ഓരോ പുലരിയിലും പ്രതീക്ഷ നല്കുന്ന മനുഷ്യരക്ഷയുടെ സുവിശേഷമാണ്.

ആത്മീയത ദൈവാന്വേഷണത്തിന്റെ മാത്രമിടമല്ല. അവനവനിലെ ദൈവാംശത്തെ തിരിച്ചറിയുന്ന വഴികൂടിയാണ്. മതം, ആചാരം ഇവ ആത്മീയതയുടെ പൊതു ഇടങ്ങളാണ്. ക്രിസ്തുമതം ആചാരാനുഷ്ഠാനങ്ങളുടെ ആചരണങ്ങളുടെ കൂടാരമല്ല. നിരാശരായ ജനതയുടെ വികാര ജീവിതങ്ങളെ തൊടുന്ന ആരവത്തിന്റെ പ്രചരണവും വ്യക്തിദൈവങ്ങളെ സൃഷ്ടിക്കുന്ന കൂടാരം നിർമ്മിക്കലുമല്ല. പുതിയ കാലത്തെ ദൈവവചനപ്രഘോഷകർ പടർത്തുന്ന പലതരം അഗ്നികളിൽ വിശ്വാസികൾ ചാരമാവാതെ നോക്കണം. ശാപകഥകളുടെ, മന്ത്രവാദത്തിന്റെ കെട്ടുകഥകളുടെ ആവരണം ക്രിസ്തുമതത്തിന് ആവശ്യമില്ല. ഇത് വിമോചകന്റെ സുവിശേഷമാണ്. ക്രിസ്തുവാണ് വിമോചനത്തിന്റെയും ഉയിർപ്പിന്റെയും സുവിശേഷം.

ഈ ലക്കത്തിൽ സൂര്യകൃഷ്ണമൂർത്തിയും ഫ്രാൻസിസ് നൊറോണയും ഐക്യദീപം വായനക്കാരോട് അവരവരുടെ ക്രിസ്തു അനുഭവം പങ്കുവയ്ക്കുന്നു. മുറിവുകൾ ഏല്ക്കുന്നത് ദൈവസ്പർശത്തിന്റെ അടയാളമെന്ന് കരുതാൻ ക്രിസ്തുവിന്റെ വഴിയിൽ നടക്കുന്നവനല്ലേ കഴിയൂ. ഭീതി പടർത്തുന്നതൊന്നും മതമല്ല. വെറുക്കാൻ പഠിപ്പിക്കുന്നതും ശാപബാധ ഏല്പിക്കുന്നതും ആത്മീയതയല്ല. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പാണ് മനുഷ്യന്റെ രക്ഷയുടെ സുവിശേഷം.

ചീഫ് എഡിറ്റർ
**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

# രക്ഷാകരരഹസ്യങ്ങളുടെ പൂർത്തീകരണമായ തിരുവുത്ഥാനം

യേശുക്രിസ്തുവിന്റെ പുനരുത്ഥാന മഹാരഹസ്യത്തെക്കുറിച്ച് ധ്യാനിക്കുവാനും മനുഷ്യജീവിതത്തിൽ അത് നല്കുന്ന സ്വാധീനം ആഘോഷിക്കുവാനുമുള്ള അവസരമാണ് നമുക്ക് കൈവന്നിരിക്കുന്നത്.

"ഗോതമ്പുമണി നിലത്തുവീണ് അഴുകുന്നുവെങ്കിൽ അധികം ഫലം പുറപ്പെടുവിക്കുന്നു. അഴുകാഞ്ഞാൽ അത് തനിയെ ഇരിക്കുന്നു" (യോഹ.12:24). മനുഷ്യജീവിതത്തിലെ രണ്ട് സാദ്ധ്യതകളാണ് ഇതിലൂടെ യേശുകർത്താവ് വ്യക്തമാക്കുന്നത്. ഒന്നുകിൽ സ്വത്വം കാത്തുസൂക്ഷിക്കുവാൻ എന്ന ന്യായേന അതേപടി ഇരിക്കുക; അല്ലെങ്കിൽ സ്വത്വം ക്രിയാത്മകമാക്കുവാൻ ശൂന്യവൽക്കരണത്തിലൂടെ സ്വത്വബോധത്തെ ആഴമുള്ളതാക്കി പരിവർത്തനം ചെയ്യുക. നമ്മുടെ രക്ഷകൻ പഠിപ്പിച്ചതും പാലിച്ചതും ഈ രണ്ടാമത്തെ സാദ്ധ്യതയാണ്. സ്വയം അഴുകുന്നത് പുതുശക്തിയോടെ ഉണർന്ന് എഴുന്നേൽക്കുവാനത്രേ.

നഷ്ടപ്പെടുമെന്നും കുറഞ്ഞുപോകുമെന്നും ഭയന്ന് മനുഷ്യർ തങ്ങളുടെ ജീവിതങ്ങളെ പൂഴ്ത്തിവയ്ക്കുന്നത് കാണാൻ കഴിയും.'തനിക്കുള്ളത് തീർന്നാൽ എല്ലാം തീർന്നു' എന്നു ചിന്തിക്കുന്നവർ ഭീരുക്കളാണ്. ആരൊക്കെ തീർന്നാലും തങ്ങൾ തീരരുത് എന്ന തീരുമാനമുള്ളവരാണ് ഇക്കൂട്ടർ. തങ്ങളുടെ ഭാഗധേയവും പരിസമാപ്തിയും എന്താണെന്ന് അവർ തിരിച്ചറിയുന്നില്ല. സ്വയം ഉരുകാനും അഴുകാനും കഴിയണമെങ്കിൽ ഉള്ളുറപ്പുണ്ടാകണം.

മാർച്ച് ആദ്യവാരം നമ്മുടെ അയൽ രാജ്യമായ ചൈനയിൽ നടന്ന പ്രസിഡണ്ട് ഇലക്ഷൻ ഈ ഭീകരസത്യം വ്യക്തമാക്കുന്നതായിരുന്നു. ഏകപാർട്ടി ഭരണത്തിൽ നിന്നും ആജീവനാന്ത പ്രസിഡണ്ട് എന്ന ദുരവസ്ഥയിലേയ്ക്ക് രാജ്യം മുങ്ങി താഴുന്ന ഭീതിദമായ സാമൂഹിക-രാഷ്ട്രീയ പരിതോവസ്ഥയാണിത്. തനിക്കെതിരെ ഒരു സ്വരംപോലും ഉയരരുത് എന്ന അവസ്ഥയിലേയ്ക്കുള്ള അധഃപതനം! താൻ ഉള്ളപ്പോൾ വേറാരും വേണ്ട; തനിക്കുശേഷം ആരും വേണ്ട; താൻ എല്ലാം തികഞ്ഞവൻ; രാജ്യസ്പന്ദനം അറിയുന്നത് താൻ ഒരുവൻ മാത്രം; താൻ ചിരഞ്ജീവി എന്ന ഭാവം ! ഭാവിതലമുറയുടെ ഭാഗധേയം അമ്മാനമാടുന്ന ഇത്തരം ശൈലിയുടെ ഉടമകൾ മാനവമഹത്വത്തെ വെല്ലുവിളിക്കുന്നവരാണ്. മനുഷ്യാവകാശങ്ങൾക്ക് ഒരു വിലയും കല്പിക്കുന്നില്ല എന്നതിന്റെ സൂചനയും മനുഷ്യമഹത്വത്തെ ചവുട്ടി അരയ്ക്കുന്നതുമായ പ്രതിഭാസമാണിത്. അധികാരം കൈവിട്ടാൽ എല്ലാം തീർന്നുവെന്ന മിഥ്യാബോധം കാത്തുസൂക്ഷിക്കുന്നവർ സത്യത്തിൽ സ്വയത്തിന്റെ അടിമകളാണ്. തങ്ങളുടെ നിഴലുകളെപ്പോലും പേടിക്കുന്ന ഇക്കൂട്ടർ പുറന്തോടിനുള്ളിൽ നിസഹായരായി കഴിയുന്നു. ഒരു തലമുറയെയും രാജ്യത്തെതന്നെയും പന്താടാൻ ഇക്കൂട്ടർക്കു കഴിയും; നശിപ്പിക്കുവാനും കഴിഞ്ഞേക്കും. വികലമായ ചിന്താധാരകൾ അടിച്ചേൽപ്പിക്കുവാൻ വിജയിച്ചേക്കും. എന്നാൽ ആത്യന്തികമായി ഒന്നും നേടുന്നില്ല.

തിരുവുത്ഥാനം മനുഷ്യജീവിതത്തിന് നൽകുന്നത് പ്രത്യാശയാണ്. പ്രതികൂലങ്ങളെ അനുകൂലമായി പരിവർത്തിപ്പിക്കുവാൻ നിലപാടെടുക്കണമെങ്കിൽ ആത്മീയ ശക്തി സ്വായത്തമാക്കണം. 500 ദിനങ്ങളിലേറെ തടങ്കലിൽ അജ്ഞാതകേന്ദ്രത്തിൽ കഴിഞ്ഞ ഉഴുന്നാലിൽ

*(ശേഷം 41-ാം പേജിൽ)*

**തി**രുനാൾ ആഘോഷങ്ങൾക്കും മതപരമായ കർമ്മങ്ങൾക്കും മനുഷ്യകുലത്തോളം പഴക്കമുണ്ട്. അത്തരം ആഘോഷങ്ങളും ആചരണങ്ങളും, ദൈവത്തോടുള്ള മനുഷ്യന്റെ കൃതജ്ഞതയും ബഹുമാനവും, ജീവിതത്തിന്റെ സന്തോഷവും, സാമൂഹികമായ അവന്റെ കൂട്ടായ്മയും പ്രകടിപ്പിക്കാനുള്ള അവസരങ്ങളായാണ് ആദിമകാലംമുതൽ മനസ്സിലാക്കിയിരുന്നത്. അതിനാൽ അവയ്ക്ക് സഭാത്മകവും മതപരവുമായ ഒരു മാനം ഉണ്ടായിരുന്നു. അതുകൊണ്ടാണ് തിരുനാളുകളോടനുബന്ധിച്ച്, ബലികളും തിരുക്കർമ്മങ്ങളും നേർച്ചകാഴ്ചകളും അർപ്പിക്കുന്ന പാരമ്പര്യം വിശ്വാസികൾ കാത്തുസൂക്ഷിച്ചത്. യഹൂദർ അവരുടെ തിരുനാളുകളിൽ, യഹോവയുടെ രക്ഷാകര പ്രവൃത്തികളെയും, അവരുടെ ജീവിതത്തിലെ യഹോവയുടെ ഇടപെടലുകളെയും കൃതജ്ഞതയോടെ അനുസ്മരിക്കുവാനുള്ള അവസരമായി കണ്ടിരുന്നു. യഹൂദന്മാരുടെ ഇത്തരത്തിലുള്ള തിരുനാൾ ആഘോഷങ്ങളും, അവരുടെ പ്രാർത്ഥനാശൈലിയും ജീവിതരീതിയും ആദിമക്രൈസ്തവരെയും അവരുടെ തിരുനാളാഘോഷങ്ങളെയും ഏറെ സ്വാധീനിച്ചിരുന്നു. ക്രിസ്തീയ പാരമ്പര്യത്തിൽ നാല് ഗണത്തിലുള്ള തിരുനാളുകൾ ഉണ്ട്.



**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**
**(സെക്രട്ടറി, മലങ്കര കത്തോലിക്കാസഭ ലിറ്റർജിക്കൽ കമ്മീഷൻ)**

**1. കർത്താവിന്റെ തിരുനാളുകൾ :**

കർത്താവിന്റെ ജീവിതവും രക്ഷാകര സംഭവങ്ങളുമായി ബന്ധപ്പെട്ട തിരുനാളുകളാണ് 'മാറാനായ തിരുനാളുകൾ' എന്ന പേരിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ആഘോഷിക്കുന്നത്. മാറാനായ എന്ന വാക്ക് 'മൊറിയൊ' (കർത്താവ്), മോറാൻ എന്ന സുറിയാനി വാക്കുകളുമായി ബന്ധപ്പെട്ടാണ് ഉപയോഗിക്കുക. കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെട്ട തിരുനാളുകൾ എന്ന അർത്ഥത്തിലാണ് 'മാറാനായ' എന്ന വാക്ക് ഉപയോഗിക്കുക. കർത്താവിന്റെ ജനനം (യൽദാ), കർത്താവിന്റെ മാമ്മോദീസ (ദനഹാ), കർത്താവിന്റെ ദേവാലയപ്രവേശനം (മായൽത്തോ), കർത്താവിന്റെ ഉത്ഥാനം



# ഉയിർപ്പുതിരുനാളും ദൈവശാസ്ത്രചിന്തകളും

(കൃംതാ), കർത്താവിന്റെ സ്വർഗ്ഗാരോഹണം (സൂലോക്കോ), കർത്താവിന്റെ ആത്മാവിനെ അയയ്ക്കുന്ന പെന്തിക്കോസ്തി, കർത്താവിന്റെ തേജസ്ക്കരണം (മ്താലേ) എന്നിവയാണ് മാറാനായ തിരുനാളുകളായി സഭയിൽ നാം ആചരിക്കുന്നത്.

**2. ദൈവമാതാവിന്റെ തിരുനാളുകൾ :**

ദൈവമാതാവിന്റെ ജീവിതവുമായി ബന്ധപ്പെട്ട ധാരാളം തിരുനാളുകൾ നാം ആണ്ടുവട്ടത്തിൽ ആഘോഷിക്കുന്നു. അതിൽ പ്രധാനപ്പെട്ടവയാണ് മാതാവിന്റെ ജനനം (സെപ്റ്റംബർ 8), അമലോത്ഭവതിരുനാൾ (ഡിസംബർ 8), മാതാവിന്റെ പുകഴ്ചയുടെ തിരുനാൾ (ഡിസംബർ 26), വിത്തുകളെപ്രതി മാതാവിന്റെ തിരുനാൾ (ജനുവരി 15), കതിരുകളെപ്രതി മാതാവിന്റെ തിരുനാൾ (മെയ് 15), മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ (ഓഗസ്റ്റ് 15) മുതലായവ.

**3. അപ്പസ്തോലന്മാരുടെ തിരുനാളുകൾ :**

ആണ്ടുവട്ടത്തിൽ കർത്താവിന്റെ അപ്പസ്തോലന്മാരെ അനുസ്മരിച്ചുകൊണ്ടുള്ള തിരുനാളുകളും നാം നടത്തുന്നു. പത്രോസ്-പൗലോസ് ശ്ലീഹന്മാർ ഉൾപ്പെടെയുള്ളവരെ അനുസ്മരിച്ച് ജൂൺ 16 മുതൽ 29 വരെ 13 നോമ്പ് ആചരിക്കുന്നു. ജൂലൈ 3-ാം തീയതി ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ തിരുനാൾ പ്രത്യേകം ആഘോഷിക്കുന്നു. മറ്റ് ശ്ലീഹന്മാരുടെ തിരുനാളുകളും നമ്മുടെ കലണ്ടറിൽ സൂചിപ്പിക്കുന്ന പ്രകാരം നാം ആഘോഷിക്കുന്നു.

**4. വിശുദ്ധരുടെയും രക്തസാക്ഷികളുടെയും തിരുനാളുകൾ :**

മേൽപ്പറഞ്ഞ മൂന്ന് ഗണത്തിലുള്ള തിരുനാളുകൾക്കു പുറമേ, ആണ്ടുവട്ടത്തിൽ അനേകം വിശുദ്ധരുടെയും രക്തസാക്ഷികളുടെയും തിരുനാളുകളും നാം ആഘോഷിക്കുന്നു. ദിവ്യരക്ഷകനോട് ചേർന്ന് പുണ്യങ്ങളിൽ ജീവിച്ച്, സുവിശേഷത്തിനുവേണ്ടിയും യേശുക്രിസ്തുവിനുവേണ്ടിയും മരിച്ച വിശുദ്ധരുടെ പുണ്യജീവിതം വിശ്വാസികൾക്ക് അനുകരിക്കുവാനും മാതൃകയാക്കുവാനും വേണ്ടിയാണ് തിരുനാളുകളായി ആഘോഷിക്കുക. വിശുദ്ധന്മാരുടെ ജീവിതത്തിൽ, യേശുവിന്റെ മുഖവും ജീവിതവുമാണ് നാം കാണുക. അവർ യേശുവിനെ അനുകരിച്ച് ജീവിച്ചതുപോലെ, നാമും യേശുവിനെ അനുകരിക്കുവാനും വിശുദ്ധജീവിതം നയിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നുവെന്നും, അവരിൽ നാം കാണുന്ന പ്രേഷിത തീഷ്ണതയും രക്തം ചൊരിഞ്ഞുപോലും യേശുവിനുവേണ്ടി ജീവിക്കുവാനുള്ള ധീരതയും, ആത്മാവിന്റെ വെടിപ്പും, എളിമയോടും വിശുദ്ധിയോടും കൂടെയുള്ള ജീവിതവും ദൈവത്തിനും ദൈവജനത്തിനും വേണ്ടി കത്തിജ്വലിക്കുന്ന സ്നേഹവും, തിരുനാൾ ആഘോഷത്തിലൂടെ മാതൃകയാക്കണമെന്ന് സഭ നമ്മെ പഠിപ്പിക്കുന്നു. (Mediator Dei, nos. 178 ,79).

മേൽപ്പറഞ്ഞ നാല് ഗണത്തിലുള്ള തിരുനാളുകളിൽ ഏറ്റം പ്രധാനപ്പെട്ടവയാണ് മാറാനായ തിരുനാളുകൾ. അവയിൽത്തന്നെ ഏറ്റം വലിയ തിരുനാളാണ് ഉയിർപ്പ് തിരുനാൾ. അതിനാൽ ഉയിർപ്പ് തിരുനാളിനെ 'തിരുനാളുകളുടെ തിരുനാൾ' (Feast of Feasts) എന്നാണ് വിളിക്കുക.

**ഈസ്റ്റർ ആചരണവും ചരിത്രപശ്ചാത്തലവും**

ക്രൈസ്തവ തിരുനാളുകളിൽ ഏറ്റം പ്രധാനവും പുരാതനവുമായ തിരുനാളാണ് ഈസ്റ്റർ. രക്ഷകനായ യേശുക്രിസ്തു മരിച്ച്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതിനെയാണ് ഈ തിരുനാളിലൂടെ അനുസ്മരിക്കുക. ആദിമ സഭയും വിശ്വാസികളും, യേശുവിന്റെ ഉത്ഥാനത്തെ വളരെ പ്രാധാന്യത്തോടെയും പൂർണ്ണ വിശ്വാസത്തോടെയുമാണ് മനസ്സിലാക്കിയിരുന്നത്. അപ്പസ്തോലന്മാരുടെയും ആദിമ സമൂഹത്തിന്റെയും പ്രബോധനങ്ങളുടെ കേന്ദ്രവും മൂലക്കല്ലും യേശുവിന്റെ ഉത്ഥാനമായിരുന്നു. അപ്പസ്തോലപ്രവർത്തനങ്ങളിൽ ഇപ്രകാരമുള്ള ധാരാളം പ്രബോധനങ്ങൾ നാം കാണുന്നുണ്ട്. അപ്പസ്തോലന്മാരുടെയും പ്രബോധകരുടെയും തിരഞ്ഞെടുപ്പിന്റെ മാനദണ്ഡംപോലും, അവർ യേശുവിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളായിരുന്നു എന്നതിന്റെ പശ്ചാത്തലത്തിലാണ്. പത്രോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക, ''അതിനാൽ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന്, ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം" (അപ്പ. പ്ര. 1:22). പെന്തിക്കോസ്തി ദിവസം പത്രോസ് നടത്തിയ ഒന്നാം പ്രസംഗത്തിൽ യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി സൂചിപ്പിക്കുന്നു (അപ്പ. പ്ര. 2:23, 3:15). അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി നിരന്തരമായി സൂചിപ്പിക്കുന്നുണ്ട് (അപ്പ. പ്ര. 4:2, 10,35; 13:30; 17:3,18; 23:6; 24:21; 26:23). ഇവ സൂചിപ്പിക്കുന്നത്, അപ്പസ്തോലന്മാരുടെയും ആദിമക്രൈസ്തവ സമൂഹത്തിന്റെയും, ജീവിതത്തിന്റെയും, സുവിശേഷപ്രഘോഷണത്തിന്റെയും കാതലും കേന്ദ്രവും യേശുവിന്റെ ഉത്ഥാനമായിരുന്നു എന്നാണ്.

ആദിമക്രൈസ്തവരുടെ ഇടയിൽ ആദ്യം ആഘോഷിച്ചു തുടങ്ങിയ തിരുനാളും ഉത്ഥാന തിരുനാൾ ആയിരുന്നു. മറ്റെല്ലാ തിരുനാളുകളും നിയതമായ രീതിയിൽ ആഘോഷിച്ചു തുടങ്ങിയത് മതപീഡനകാലത്തിനു ശേഷം, നാലാം നൂറ്റാണ്ടിന്റെ മധ്യഭാഗത്തോടുകൂടിയാണ്. എന്നാൽ ആദ്യനൂറ്റാണ്ടു മുതൽതന്നെ ആണ്ടുവട്ടത്തിലുള്ള ഈസ്റ്റർ ആഘോഷത്തോടൊപ്പം,

ആദിമ ക്രൈസ്തവർ ഓരോ ഞായറാഴ്ചയും (കർത്താവിന്റെ ദിവസം) ഒന്നിച്ചുകൂടി ഈസ്റ്റർ (weekly Easter) ആഘോഷിച്ചിരുന്നു.

**ഉത്ഥാനചിന്തകൾ വി. ഗ്രന്ഥ പശ്ചാത്തലത്തിൽ**

ഉത്ഥാനം, കർത്താവിന്റെ എല്ലാ രക്ഷാകര സംഭവങ്ങളുടെയും, രക്ഷാകര രഹസ്യങ്ങളുടെയും പരമോന്നതസ്ഥാനത്ത് നില്കുന്നു. കർത്താവിന്റെ പീഡകളുടെയും സഹനങ്ങളുടെയും മരണത്തിന്റെയും, അർത്ഥവും പ്രസക്തിയും അവിടുത്തെ ഉത്ഥാനത്തിലാണ് നാം കണ്ടെത്തുക. മരണത്തിന്മേലുള്ള കർത്താവിന്റെ വിജയവും, അമർത്യതയുടെ വീണ്ടെടുപ്പുമാണ് നാം യേശുവിന്റെ ഉത്ഥാനത്തിൽ ദർശിക്കുന്നത്. യേശുവിന്റെ ഉത്ഥാനം, നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രവും, ആരാധന ക്രമവത്സരത്തിന്റെ മൂലക്കല്ലുമാണ്.

**1.** ദൈവം 'ജീവിക്കുന്ന ദൈവ'മാണെന്നതിന്റെ വലിയ തെളിവാണ് യേശുവിന്റെ ഉത്ഥാനം (മത്താ. 22:32, ലൂക്കാ 20:38, റോമ. 1:4, 6:9, 1 കൊരി. 15;20). ആദിമനുഷ്യൻമൂലം മരണം വന്നുവെങ്കിൽ, യേശുവിന്റെ ഉത്ഥാനത്തിലൂടെ മരിച്ചവർക്ക് ഉത്ഥാനം ലഭ്യമാകുന്നു. ആദംമൂലം നാമെല്ലാവരും മരിക്കുന്നുവെങ്കിൽ, ക്രിസ്തുവിൽ നാമെല്ലാവരും ഉയിർക്കുന്നു. യേശുവിന്റെ ഉത്ഥാനം ഒരു യാഥാർത്ഥ്യമായതിനാൽ ദൈവം 'ജീവിക്കുന്ന ദൈവ'മാണെന്ന് നാം വിശ്വസിക്കുന്നു.

**2.** യേശുവിന്റെ എല്ലാ അത്ഭുതങ്ങളും ദൈവികശക്തിയാണെന്നതിന്റെ സാധൂകരണമാണ് അവിടുത്തെ ഉയിർപ്പ്. കാനായിൽ തുടങ്ങുന്ന അടയാളങ്ങളുടെ നീണ്ട പരമ്പര ചെന്നവസാനിക്കുന്നത് അവിടുത്തെ ഉയിർപ്പിലാണ്. എല്ലാ അടയാളങ്ങളും വെളിപ്പെടുത്തുന്നത് യേശു ദൈവമാണെന്നാണ്. ദൈവമായ യേശുവിന്റെ ഏറ്റവും വലിയ അടയാളമാണ് അവിടുത്തെ ഉത്ഥാനം. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയത്, വി. ഗ്രന്ഥത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന നിരവധിയായ സംഭവങ്ങളിലൂടെയാണ്. യേശുവിന്റെ മനുഷ്യാവതാരം, രക്ഷാകര സംഭവങ്ങളുടെ പരമ്പരയിലെ വലിയ മുഹൂർത്തമെങ്കിൽ, അവിടുത്തെ ഉത്ഥാനം എല്ലാ സംഭവങ്ങളുടെയും ദൈവികത വെളിപ്പെടുത്തുന്നു.

**3.** വി. ഗ്രന്ഥത്തിന്റെയും, യേശുവിന്റെ പ്രവചനങ്ങളുടെയും പൂർത്തീകരണമാണ് യേശുവിന്റെ ഉത്ഥാനം (മത്താ. 17:9, ലൂക്കാ 24:46, യോഹ. 2:22, 20:9, 1 കൊരി. 15:4).

**4.** യേശുവിന്റെ ദൈവത്വത്തിന്റെ പ്രകടമായ തെളിവാണ് അവിടുത്തെ ഉത്ഥാനം (യോഹ. 2:19-22). യേശു പലരേയും മരണത്തിൽനിന്ന് ഉയിർപ്പിച്ചു (ലാസർ, ജായ്റോസിന്റെ മകൾ). എന്നാൽ മറ്റൊരു മനുഷ്യയിടപെടലും കൂടാതെ സംഭവിച്ചതാണ് യേശുവിന്റെ ഉത്ഥാനം. അത് വ്യക്തമാക്കുന്നത് യേശു യഥാർത്ഥത്തിൽ ദൈവമാണ് എന്നാണ്.

**5.** യേശുവിന്റെ ഉത്ഥാനം, എല്ലാ വിശ്വാസികളുടെയും ഉത്ഥാനത്തിന്റെ ഉറപ്പാണ് (റോമ. 8:11, 1 കൊരി. 15:12-14, കൊളോ. 1:18, 1 പത്രോ. 1:3, വെളി. 1:5).

**6.** ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം യേശുവിന്റെ ഉയിർപ്പാണ് (1 കൊരി. 15:14). വി. ഗ്രന്ഥത്തിൽ നാം കാണുന്ന ഒഴിഞ്ഞ കല്ലറയും ഒഴിഞ്ഞ കുരിശും ഉത്ഥാനമെന്ന യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുന്നു.

**ഉത്ഥാനവും ദൈവശാസ്ത്ര ചിന്തകളും മലങ്കര ആരാധനക്രമത്തിൽ**

ഉയിർപ്പ് തിരുനാളിന്റെ പ്രാർത്ഥനകളും ഗീതങ്ങളും വിശ്വാസികളെ, യേശുവിന്റെ ഉത്ഥാനമെന്ന യാഥാർത്ഥ്യം ബോധ്യപ്പെടുത്തുന്നതിനും, വിശ്വാസത്തിൽ സ്ഥിരീകരിക്കുന്നതിനും സഹായിക്കുന്നു. ഉത്ഥാനത്തിലൂടെ കരഗതമായ യേശുവിന്റെ സമാധാനവും, സന്തോഷവും ലോകത്തിന് പകർന്നു നല്കുവാൻ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. മരണത്തെ കീഴ്പ്പെടുത്തി ഉത്ഥാനത്താൽ, യേശു മാനവകുലത്തിന് പ്രത്യാശ നല്കുകയും പാപപരിഹാരം നല്കുകയും ചെയ്തു. മനുഷ്യകുലത്തിന്റെ കുറ്റങ്ങൾക്ക് അവിടുന്ന് അടിയേറ്റതിനാൽ ഇനിയും പാപത്തെ ഓർത്ത് ഖേദിക്കേണ്ടാ എന്ന് പ്രാർത്ഥനകളിൽ നാം കാണുന്നു. ആദം വൃക്ഷഫലം തിന്ന് പാപം ചെയ്തതിനു പകരം, യേശു കയ്പ്പുനീർ കുടിച്ചു. ആദം നഗ്നത മറയ്ക്കുന്നതിന് ഇലകൾ ചാർത്തിയെങ്കിൽ, യേശുവിനെ നഗ്നതയോടെ കുരിശിൽ തൂക്കി. അവിടുന്ന് ചിന്തിയ രക്തത്താൽ മനുഷ്യകുലം രക്ഷനേടി. കൃംതായുടെ സന്ധ്യാപ്രാർത്ഥനയിലെ ഗീതത്തിൽ ഇപ്രകാരം കാണുന്നു:

'നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ,
ഖേദിക്കേണ്ടാ നിൻ പാപത്തെ ഓർത്തിനിയും
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനാൽ കയ്പ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ നീ ഇലകൾ ചാർത്തി,
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ'.

താഴെ പറയുന്ന പ്രാർത്ഥനകളും ഗീതങ്ങളും വിശ്വാസസമൂഹത്തെ ഉത്ഥിതനായ യേശുവിനോട് അനുരൂപരാക്കുവാനും, ഉത്ഥാനത്തിൽ വിശ്വസിക്കുവാനും, സുവിശേഷോപദേശങ്ങൾ അനുഷ്ഠിക്കുവാനും പ്രബോധിപ്പിക്കുന്നു.

**1.** യേശുവിന്റെ ഉത്ഥാനം, മരണത്തിന്മേലുള്ള വിജയമാണെന്നും, അത് ശത്രുക്കളെയും വൈരികളെയും ചിതറിച്ചുവെന്നും, ക്രൂശിച്ചവരെ ലജ്ജി



പ്പിച്ചുവെന്നും പഠിപ്പിക്കുന്നു (എനിയോനോ).

**2.** യേശുവിന്റെ പീഡാസഹനത്തിനും മരണത്തിനും നാം അർത്ഥം കണ്ടെത്തുന്നതും, എല്ലാ രക്ഷാകര സംഭവങ്ങളുടെയും പരമോന്നതി കാണുന്നതും ഉത്ഥാനത്തിലാണ് (സെദറാ).

**3.** കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവ്, വീണുകിടന്ന ആദാമിനെ എഴുന്നേല്പിച്ചു (രഹസ്യപ്രാർത്ഥന – എക്ബോ).

**4.** ഉത്ഥാനം, സ്വർഗ്ഗത്തെയും ഭൂമിയെയും സന്തോഷിപ്പിച്ചു. സ്വർഗ്ഗത്തിനും ഭൂമിക്കും സന്തോഷവും ആനന്ദവും പ്രദാനം ചെയ്തു (എനിയോനോ, പ്രുമിയോൻ – സെദറാ).

**5.** ഉത്ഥാനത്താൽ യേശു സഭയെ രക്ഷിച്ചു, 'ഉത്ഥാനത്താൽ തൻ സഭയെ വീണ്ടോനാം പുത്രാ.' (രഹസ്യപ്രാർത്ഥന – ബോവൂസോ).

**6.** കബറിൽനിന്ന് ഉയിർത്ത് അവിടുന്ന് മനുഷ്യനെയും ഉയിർപ്പിച്ചു (ഉയിർപ്പ് പ്രഖ്യാപനം). യേശുവിന്റെ ഉത്ഥാനം, ഓരോ ക്രൈസ്തവന്റെ ഉത്ഥാനത്തെയും സൂചിപ്പിക്കുന്നു.

**7.** ഉത്ഥാനത്താൽ, മാനവകുലത്തിന് യേശു സമാധാനം നല്കി. ഉത്ഥാനത്താൽ നമ്മെ വലതു ഭാഗത്തു നിർത്തി (എനിയോനോ, പ്രുമിയോൻ, സ്ലീബാ ആഘോഷം).

**8.** ഉത്ഥാനത്താൽ ദുഃഖിതരായ ശിഷ്യന്മാരെ സന്തോഷിപ്പിച്ചു. 'ദുഃഖിതരാം ശിഷ്യന്മാരെ ഉത്ഥാനത്താൽ മോദിതരാക്കി...' (എനിയോനോ).

**9.** ഉത്ഥാനത്താൽ സ്വർഗ്ഗീയർക്കും ഭൗമീകർക്കും ഇടയിൽ സമാധാനം സ്ഥാപിച്ചു (സെദറാ, കൂക്കോയോ, സ്ലീബാ ആഘോഷം).

**10.** ഉത്ഥാനം, യേശുവിന്റെ സുവിശേഷം അറിയിക്കുവാൻ ശ്ലീഹന്മാരെ ധൈര്യപ്പെടുത്തി (സെദറാ).

**11.** ഉത്ഥാനം, ഭിന്നിതരായിരുന്ന ശിഷ്യന്മാരെ ഒരുമിപ്പിച്ചു (സെദറാ). പത്രോസ് ഉറപ്പുള്ളവനായി, തോമസ് വിശ്വസിച്ചു, ശിഷ്യരുടെ ദുഃഖം മാറ്റി (കൂക്കോയോ).

ഉത്ഥിതനായ കർത്താവ് സമാധാനത്തിന്റെ കർത്താവാണ്. ഉത്ഥാനം ചെയ്ത ഉടൻ 'നിങ്ങൾക്ക് സമാധാനം' എന്ന് ആശംസിച്ചുകൊണ്ടാണ് എല്ലാവർക്കും പ്രത്യക്ഷപ്പെട്ടത്. സമാധാനം നിങ്ങളോട് കൂടെ എന്നതിന്റെ അർത്ഥം കർത്താവ് നിങ്ങളോട് കൂടെ എന്നാണല്ലോ. ഉത്ഥിതനായ കർത്താവിന്റെ സമാധാനാശംസ, വിശ്വാസികളുടെ ജീവിതത്തിനുള്ള സമാധാനാശംസയാണ്. അതിനാൽ ഈ ഉത്ഥാനതിരുനാൾ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ജീവിതം നയിക്കുവാനുള്ള അവസരമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# സുവിശേഷ തീരത്തെ വെളിച്ചം

**ഞാ**ൻ ജനിച്ചത് കൊച്ചിയിലാണെങ്കിലും പഠനവും ജോലിയുമൊക്കെ ആലപ്പുഴയിലായിരുന്നു. ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും, മതപരമായും ഏറെ പ്രത്യേകതകൾ ഉള്ള മണ്ണാണ് ആലപ്പുഴയുടേത്. ക്രിസ്തീയതയും കമ്യൂണിസവും ഒരുപോലെ ആഴത്തിൽ വേരൂന്നിയ ഇടം. എന്നിട്ടും, വിശപ്പും ദാരിദ്ര്യവും ഒഴിഞ്ഞുപോകാതെ നിന്നു. ഈയൊരു ചുറ്റുപാടിലുള്ള ആലപ്പുഴയുടെ ജീവിതം പറയാനാണ്, അനാഥാലയം കേന്ദ്രീകരിച്ച് അശരണരുടെ സുവിശേഷം എഴുതുന്നത്.

കേന്ദ്രകഥാപാത്രമായ റൈയ്നോൾഡ് അച്ചനിൽ ക്രിസ്തുവിന്റെ തുടർച്ചയാണ് കണ്ടത്. ക്രിസ്തു എന്നും അശരണരുടെ പക്ഷത്തായിരുന്നല്ലോ?

ആകെ ഏഴു കഥകളും ഒരു നോവലുമാണ് ഞാനിതുവരെ എഴുതിയിട്ടുള്ളത്. എഴുത്തിന്റെ തുടക്കം ആലപ്പുഴ രൂപതയുടെ മുഖരേഖ മാസികയിലായിരുന്നു. ഓറ പോലുള്ള ചെറിയ പ്രസിദ്ധീകരണങ്ങളിലും എഴുതാറുണ്ടായിരുന്നു. അക്കാലത്തെ സാഹിത്യമത്സരങ്ങളിൽ പങ്കെടുത്ത് കിട്ടുന്ന ചെറിയ തുകകൾ എനിക്കൊരു ആശ്വാസമായിരുന്നു. ശാലോം, മാർത്തോമാ യുവദീപം, കെ.സി.ബി.സി. തുടങ്ങി സഭയിൽ നിന്നും ചെറുകഥ യ്ക്കുള്ള അവാർഡുകൾ കിട്ടിയിട്ടുണ്ട്. മലയാളം വാരികയുടെ പത്രാധിപനായ ശ്രീ. സജി ജയിംസ് ആണ് മുഖ്യധാരയിലേക്ക് എന്നെ പരിചയപ്പെടുത്തുന്നത്. കലാകൗമുദിയിൽ ഒരു കഥ വന്നെങ്കിലും മലയാളത്തിലെ കടവരാല് എന്ന കഥയാണ് മലയാളഭാഷയിൽ ഒരിടം നൽകിയത്. മലയാളം മാസികയുടെ



ഫ്രാൻസിസ് നൊറോണ




എഡിറ്റോറിയൽ ബോർഡിലുള്ള എസ്. കലേഷാണ് ഈ കഥ ആദ്യം വായിക്കുന്നത്. പുതുതലമുറയെ പ്രോത്സാഹിപ്പിക്കുകയും നല്ല കഥകൾക്ക് ഇടം കൊടുക്കാനുമുള്ള ഒരു മനസ്സ് കമൽറാം സജീവിനെപ്പോലെയൊരു പത്രാധിപർക്കുണ്ടായതുകൊണ്ടാണ് മാതൃഭൂമിയിൽ ഒരവസരം ലഭിച്ചത്.

അപ്പനും അമ്മയും ഭാര്യയും മകളും എന്റെ കുടുംബം. അപ്പനൊഴികെ ബാക്കിയെല്ലാവരും തികഞ്ഞ ഭക്തരാണ്. അപ്പൻ ഉള്ളിൽ മാത്രം ക്രിസ്തുവിനെ പേറുന്നവനാണ്. രാവിലെയും രാത്രിയും ഒന്നോ രണ്ടോ മിനിറ്റ് നീണ്ടു നിൽക്കുന്ന പ്രാർത്ഥനയേ അപ്പനുള്ളൂ.. അത് മുടക്കാറില്ല..അപ്പന്റെ വഴിയാണ് എനിക്ക് പ്രിയം.

എഴുത്തിലുടനീളം നിറയുന്നത് ജീവിതമാണ്. എല്ലാം ഇടകലർന്ന പച്ചയായ ജീവിതം പകർത്താനാണ് എനിക്കിഷ്ടം.

ജീവിതത്തിന്റെ നാനാമുഖങ്ങൾ എന്റെ എഴുത്തിലുണ്ട്. ജീവിതമില്ലെങ്കിൽ എഴുത്തുമില്ല എന്നതാണ് കാഴ്ച്ചപ്പാട്.

ക്രിസ്തു എപ്പോഴും ജീവിതത്തോട് ചേർന്നാണ് നിന്നത്. ആകാശത്തെ പറവകൾ, വയലിലെ പുൽച്ചെടികൾ, അത്തിമരം, കടലിലെ മീനുകൾ, കരയിലെ ജീവിതങ്ങൾ അവന്റെ വാക്കുകളിലും, പ്രവൃത്തികളിലും ജീവിതത്തിന്റെ പച്ചപ്പാണ് നിറഞ്ഞിരുന്നത്.

തൊട്ടുമുത്തി നിറം മങ്ങിയ രൂപക്കൂടിനുള്ളിൽ നിൽക്കുന്ന ക്രിസ്തുവിനെ കാണുന്നത് എനിക്ക് സങ്കടം. അവന്റെ മുന്നിൽ ഒരു നേർച്ചപ്പെട്ടി കൂടി?

അശരണരിലാണ് നിങ്ങൾ എന്നെ കണ്ടെത്തേണ്ടത് എന്ന് എത്ര വ്യക്തമായി അവൻ പറഞ്ഞിട്ടുണ്ട്. ദാഹിക്കുന്നവരിൽ, വിശക്കുന്നവരിൽ, രോഗികളിൽ, കാരാഗൃഹത്തിൽ കഴിയുന്നവരിൽ, പരദേശികളിൽ...

ഇപ്രകാരമൊരു ക്രിസ്തുദർശനമാണ് ഏറെ പ്രസക്തമായിട്ടുള്ളത്..പുതുതലമുറ ആ വഴിയിലേക്ക് നീങ്ങുന്ന ഒരു പ്രവണത കാണുന്നു. ക്രിസ്തു പ്രസക്തനാവേണ്ട വഴിയും അതുതന്നെയാണ്.

ലോകത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം സ്നേഹമാണ്. അതിന്റെ അഭാവത്തിൽ മറ്റെല്ലാം ശൂന്യമെന്ന് വിശുദ്ധ പൗലോസ് പഠിപ്പിക്കുന്നു.

കുരിശിലെ മരണം സ്നേഹത്തിന്റെ പൂർണ്ണതയാണ്. ഉത്ഥാനം സ്നേഹത്തിന്റെ വിജയാഘോഷവും. ഈ രണ്ടും എല്ലായിപ്പോഴും ഒരാളുടെ ഉള്ളിൽ നിരന്തരം നടന്നുകൊണ്ടിരിക്കേണ്ട ഒന്നാണ്.

മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഈ മഹാരഹസ്യങ്ങളുടെ ആഴമറിയാതെ പോകുമ്പോഴാണ് ജീവിതം അർത്ഥമില്ലാതാവുന്നത്.

***അശരണരിലാണ് നിങ്ങൾ എന്നെ കണ്ടെത്തേണ്ടത് എന്ന് എത്ര വ്യക്തമായി അവൻ പറ ഞ്ഞിട്ടുണ്ട്. ദാഹിക്കുന്നവരിൽ, വിശക്കുന്നവരിൽ, രോഗികളിൽ, കാരാഗൃഹത്തിൽ കഴിയുന്നവരിൽ, പരദേശികളിൽ... ഇപ്രകാരമൊരു ക്രിസ്തുദർശനമാണ് ഏറെ പ്രസക്തമായിട്ടുള്ളത്..പുതുതലമുറ ആ വഴിയി ലേക്ക് നീങ്ങുന്ന ഒരു പ്രവണത കാണുന്നു. ക്രിസ്തു പ്രസക്തനാവേണ്ട വഴിയും അതുതന്നെയാണ്.***

ഉത്ഥാനനാളിലെ രാത്രി എന്നെ സന്തോഷിപ്പിക്കാറുണ്ട്. പിറവിതിരുന്നാളിനേക്കാൾ എനിക്ക് വൈകാരികമായി കരേറ്റതിരുന്നാളിനോടാണ് പ്രിയം.

മൂന്ന് ദിവസത്തെ നിശ്ചലതയിൽനിന്ന് ജീവിതത്തിന്റെ പച്ചപ്പിലേക്ക് ഒരാൾ കയറി വരുന്ന കാഴ്ച ഹൃദയത്തെ ത്രസിപ്പിക്കുന്നതാണ്.

ക്രിസ്തു ഒരു മതമല്ല ജീവിതമാണെന്നാണ് എന്റെ വ്യക്തിപരമായ അനുഭവം. അപ്രകാരം അവന്റെ കുരിശുമരണത്തെയും, ഉത്ഥാനത്തെയും ജീവിതത്തോടു ചേർന്നു നിന്നു കാണുമ്പോഴാണ് ഒരു ഉത്ഥാനവെളിച്ചം നമുക്കും അനുഭവിക്കാൻ കഴിയുക.

ചെറുകഥയാണ് പ്രിയ തട്ടകം. അതിൽ തുടരണം. ഒപ്പം ഒരു നോവൽ കൂടി ചെയ്യണം.

**2018** ഫെബ്രുവരി മാസം 17-ാം തീയതി ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ കാവുക്കാട്ട് ഹാളിൽ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യ ത്തിൽ ഒരു നാടകം അരങ്ങേറി. ധിക്കാരിയുടെ കാതൽ എന്നു വിശേഷിപ്പിക്കാവുന്ന യശഃശരീര നായ സി.ജെ.തോമസിന്റെ 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകമായിരുന്നു അവതരിപ്പിച്ചത്. എസ്.ബി.കോളജിലെ മലയാളം അധ്യാപകനായ ഡോ. സണ്ണി സെബാസ്റ്റ്യനായിരുന്നു നാടകം സംവിധാനം ചെയ്തത്. വിദ്യാർത്ഥികളായ ആന്റോ, അമ്മു, മിഥുൻ എന്നിവർ മുഖ്യവേഷ ങ്ങൾ ആയ ദാവീദ് രാജാവിനേയും ബേത്ശേബ യേയും ഊറിയാവിനേയും അവതരിപ്പിച്ചു. ഒട്ടേറെ പരാധീനതകൾ ഉണ്ടെങ്കിലും തങ്ങളാലാവും വിധം ഭംഗിയായി എല്ലാവരും തങ്ങളുടെ



# ആ മനുഷ്യൻ നീ തന്നെ!

പ്രൊഫ. കവിയൂർ ശിവപ്രസാദ്

കൃത്യങ്ങൾ നിർവ്വഹിച്ചു. അവരെല്ലാം അക്കാര്യത്തിൽ പ്രശംസ അർഹിക്കുന്നവർ തന്നെ; എല്ലാംകൊണ്ടും ഭേദപ്പെട്ട നിലവാരം പുലർത്തിയിരുന്നു. നാടകം കഴിഞ്ഞ് വീട്ടിലെത്തി ദാവീദ് രാജാവിന്റെയും ബേത്ശേബയുടെയും കഥ വിശുദ്ധ വേദപുസ്തകത്തിൽ വീണ്ടും വായിക്കുവാൻ തുടങ്ങി. സി.ജെ.യുടെ നാടകത്തിന്റെ പ്രതി കയ്യിലുണ്ടായിരുന്നെങ്കിലും വേദപുസ്തകപാഠത്തിലായിരുന്നു ആദ്യം ശ്രദ്ധപതിപ്പിച്ചത്. പഴയനിയമം ശാമുവേലിന്റെ 2-ാം പുസ്തകത്തിൽ പതിനൊന്നാം അദ്ധ്യായത്തിൽ ആ കഥ വിശദീകരിക്കുന്നു. ദാവീദിന്റെ പാപം എന്ന ഉപശീർഷകത്തോടെയാണ് ആ കഥ വിശദീകരിക്കുന്നത്. പിറ്റേ ആണ്ടിൽ രാജാക്കന്മാർ യുദ്ധത്തിന് പുറപ്പെടും കാലം ദാവീദ് യോവാബിനെയും അവനോടു കൂടെ തന്റെ പടയാളികളേയും എല്ലാ യിസ്രായേലിനെയും അയച്ചു. അവർ അമ്മോന്യദേശം ശൂന്യമാക്കി രബ്ബാ പട്ടണം നിരോധിച്ചു. ദാവീദോ യെരുശലേമിൽ തന്നേ താമസിച്ചിരുന്നു.

ഒരുനാൾ സന്ധ്യയാകാറായ നേരത്ത് ദാവീദ് മെത്തയിൽ നിന്നെഴുന്നേറ്റ് രാജധാനിയുടെ മാളികമേൽ ഉലാവിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നത് മാളികയിൽ നിന്നു കണ്ടു. ആ സ്ത്രീ അതിസുന്ദരിയായിരുന്നു. ദാവീദ് ആളയച്ച് ആ സ്ത്രീയെപ്പറ്റി അന്വേഷിപ്പിച്ചു. അവൾ എലീയാമിന്റെ മകളും ഹിത്യനായ ഊരിയാവിന്റെ ഭാര്യയുമായ ബേത്ത്-ശേബ എന്ന് അറിഞ്ഞു. ദാവീദ് ദൂതന്മാരെയയച്ച് അവളെ വരുത്തി; അവൾക്കു ഋതു ശുദ്ധി വന്നിരുന്നതുകൊണ്ട് അവൻ അവളോടു കൂടി ശയിച്ചു. അവൾ തന്റെ വീട്ടിലേയ്ക്കു മടങ്ങിപ്പോയി. ആ സ്ത്രീ ഗർഭം ധരിച്ചു. താൻ ഗർഭിണിയായിരിക്കുന്നു എന്നു ദാവീദിനു വർത്തമാനം അറിയിച്ചു. അപ്പോൾ ദാവീദ് ഹിത്യനായ ഊരിയാവെ തന്റെ അടുക്കൽ അയപ്പാൻ യോവാബിനു കല്പന അയച്ചു. ഊരിയാവ് തന്റെ അടുക്കൽ വന്നപ്പോൾ ദാവീദ് അവനോടു യോവാബിന്റെയും പടജനത്തിന്റെയും സുഖവർത്തമാനവും യുദ്ധത്തിന്റെ വസ്തുതയും ചോദിച്ചു. പിന്നെ ദാവീദ് ഊരിയാവ് രാജധാനിയിൽനിന്നു പുറപ്പെട്ടപ്പോൾ രാജാവിന്റെ സമ്മാനം അവന്റെ പിന്നാലെ ചെന്നു. ഊരിയാവോ തന്റെ വീട്ടിൽ പോകാതെ യജമാനന്റെ സകല ഭൃത്യന്മാരോടും കൂടെ രാജധാനിയുടെ വാതില്ക്കൽ കിടന്നുറങ്ങി. ഊരിയാവ് വീട്ടിൽ പോയില്ല എന്നറിഞ്ഞപ്പോൾ ദാവീദ് ഊരിയാവിനോട്: നീ യാത്രയിൽനിന്നു വന്നവനല്ലയോ? നിന്റെ വീട്ടിൽ പോകാതെ ഇരുന്നത് എന്ത് എന്നു ചോദിച്ചു. ഊരിയാവ് ദാവീദിനോട് : പെട്ടകവും യിസ്രായേലും യെഹൂദയും കൂടാരങ്ങളിൽ വസിക്കുന്നു; എന്റെ യജമാനനായ യോവാബും യജമാനന്റെ ഭൃത്യന്മാരും വെളിമ്പ്രദേശത്തു പാളയമിറങ്ങിക്കിടക്കുന്നു; അങ്ങനെയിരിക്കെ ഞാൻ ഭക്ഷിപ്പാനും കുടിപ്പാനും എന്റെ ഭാര്യയോടുകൂടെ ശയിപ്പാനും എന്റെ വീട്ടിൽ കടക്കുമോ? നിന്നാണ നിന്റെ ജീവനാണ, അതു ഞാൻ ചെയ്യുകയില്ല എന്നു പറഞ്ഞു. അപ്പോൾ ദാവീദ് ഊരിയാവിനോട് : നീ ഇന്നും ഇവിടെ താമസിക്ക, നാളെ ഞാൻ നിന്നെ പറഞ്ഞയക്കും എന്നു പറഞ്ഞു. അങ്ങനെ ഊരിയാവ് അന്നും യെരുശലേമിൽ താമസിച്ചു. പിറ്റെന്നാൾ ദാവീദ് അവനെ വിളിച്ചു: അവന്റെ മുമ്പാകെ ഭക്ഷിച്ചു പാനം ചെയ്തു; അവൻ അവനെ ലഹരിപിടിപ്പിച്ചു. എങ്കിലും അവൻ വീട്ടിലേക്കു പോകാതെ സന്ധ്യയ്ക്കു ചെന്നു. യജമാനന്റെ ഭൃത്യന്മാരോടുകൂടെ തന്റെ വിരിപ്പിൽ കിടന്നു. രാവിലെ ദാവീദ് യോവാബിന് ഒരു എഴുത്ത് എഴുതി ഊരിയാവിന്റെ കയ്യിൽ കൊടുത്തയച്ചു. എഴുത്തിൽ: പട കഠിനമായിരിക്കുന്നേടത്ത് ഊരിയാവെ മുന്നണിയിൽ നിർത്തി അവൻ വെട്ടുകൊണ്ട് മരിക്കത്തക്കവണ്ണം അവനെ വിട്ടു പിൻമാറുവിൻ എന്ന് എഴുതിയിരുന്നു. അങ്ങനെതന്നേ യോവാബ് ആ പട്ടണത്തെ സൂക്ഷിച്ചു നോക്കീട്ടു ശൂരന്മാർ നില്ക്കുന്നതായി കണ്ട സ്ഥലത്ത് ഊരിയാവെ നിറുത്തി. പട്ടണക്കാർ പുറപ്പെട്ടു യോവാബിനോടു പടവെട്ടിയപ്പോൾ ദാവീദിന്റെ ദാസന്മാരായ പടജനത്തിൽ ചിലർ പട്ടുപോയി; ഹിത്യനായ ഊരിയാവും മരിച്ചു. പിന്നെ യോവാബ് ആ യുദ്ധവർത്തമാനമൊക്കെയും ദാവീദിനോട് അറിയിപ്പാൻ ആളയച്ചു. അവൻ ദൂതനോട് കല്പിച്ചത് എന്തെന്നാൽ: നീ യുദ്ധവർത്തമാനമൊക്കെയും രാജാവിനോട് പറഞ്ഞു തീരുമ്പോൾ രാജാവിന്റെ കോപം ജ്വലിച്ചു: നിങ്ങൾ പട്ടണത്തോട് ഇത്ര അടുത്ത് ചെന്ന് പടവെട്ടിയത് എന്ത്? മതിലിന്മേൽ നിന്ന് അവർ എയ്യുമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടയോ? യെരുബ്ബേശെത്തിന്റെ മകനായ അബീമേലെക്കിനെ കൊന്നത് ആർ? ഒരു സ്ത്രീ മതിലിന്മേൽ നിന്നു തിരികല്ലിൽ പിള്ള അവന്റെ മേൽ ഇട്ടതുകൊണ്ടല്ലയോ അവൻ തേബെസിൽ വച്ച് മരിച്ചത്? നിങ്ങൾ മതിലിനോട് ഇത്ര അടുത്തു ചെന്നത് എന്ത് എങ്ങനെ എന്നു നിന്നോടു പറഞ്ഞാൽ: നിന്റെ ഭൃത്യൻ ഹിത്യനായ ഊരിയാവും മരിച്ചു പോയി എന്നു പറക. ദൂതൻ ചെന്നു യോവാബ് പറഞ്ഞയച്ച വർത്തമാനമൊക്കെയും ദാവീദിനെ അറിയിച്ചു. ദൂതൻ ദാവീദിനോട് പറഞ്ഞത് എന്തെന്നാൽ: ആ കൂട്ടർ പ്രാബല്യം പ്രാപിച്ചു. വെളമ്പ്രദേശത്തേക്കു ഞങ്ങളുടെ നേരെ പുറപ്പെട്ടു വന്നതിനാൽ ഞങ്ങൾ പട്ടണവാതില്ക്കലോളം അവരെ പിൻ തുടർന്നടുത്തു പോയി. അപ്പോൾ വില്ലാളികൾ മതിലിന്മേൽനിന്നു നിന്റെ പടയാളികളെ എയ്തു. രാജാവിന്റെ പടയാളികളിൽ ചിലർ പട്ടുപോയി. നിന്റെ ഭൃത്യൻ

ഹിത്യനായ ഊരിയാവും മരിച്ചു. അതിന് ദാവീദ് ദൂതനോട്: ഈ കാര്യത്തിൽ വ്യസനം തോന്നരുത് വാൾ അങ്ങും ഇങ്ങും നാശം ചെയ്യും; പട്ടണത്തിന്റെ നേരെ ശക്തിയോടെ പൊരുതി അതിനെ നശിപ്പിച്ചു കളക എന്നു നീ യോവാബിനോട് പറഞ്ഞ് അവനെ ധൈര്യപ്പെടുത്തണം എന്നു കല്പിച്ചു. ഊരിയാവ് മരിച്ചു പോയി എന്നു കേട്ടപ്പോൾ ഭർത്താവിനെ കുറിച്ചും വിലപിച്ചു. വിലാപകാലം കഴിഞ്ഞശേഷം ദാവീദ് അളയച്ച് അവളെ അരമനയിൽ വരുത്തി. അവൾ അവന്റെ ഭാര്യയായി. അവൾ ഒരു മകനെ പ്രസവിച്ചു. എന്നാൽ ദാവീദ് ചെയ്തതു യഹോവയ്ക്ക് അനിഷ്ടമായിരുന്നു. ബൃഹദ്ഗ്രന്ഥമായ വേദപുസ്തകത്തിൽ വളരെ ഹ്രസ്വമായ ഒരു വിവരണമാണ് ഈ കഥ. ദാവീദിന്റെ പാപം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഏറ്റവും ഉന്നതനായ വ്യക്തിയും ഏറ്റവും ഹീനമായ പാപങ്ങളിൽ വീഴാൻ സാധ്യതയുണ്ടെന്ന് ഈ കഥയിലൂടെ വിശദീകരിക്കുന്നു. കൊറിന്ത്യർ 10:12–13 ൽ പറയുന്നു. ആകെയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. മനുഷ്യർക്കു നടപ്പില്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല എന്ന വാക്യങ്ങളുടെ അർത്ഥം ഗ്രഹിക്കേണ്ടതുണ്ട്. ദാവീദു ചെയ്ത പാപത്തിന്റെ ഘനം ബൈബിളിൽ ഒരിക്കലും ലഘൂകരിക്കുന്നില്ല. ഇവിടെ കർമ്മബന്ധങ്ങളോടുള്ള നിരാസം നിക്ഷിപ്ത കർമ്മം ചെയ്യേണ്ട ആൾ നിരാകരിക്കുകയാണ്. യിസ്രായേല്യ സൈന്യം അമ്മോന്യരോട് യുദ്ധം ചെയ്തുകൊണ്ടിരിക്കയാണ് ദാവീദ് അലസചിത്തനായി സ്വധർമ്മം വെടിഞ്ഞ് രാജധാനിയിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് ഈ ബന്ധം ഒരു ബന്ധനമായി മാറിയത്. ദാവീദ് തന്റെ സൈന്യത്തോടുകൂടി യുദ്ധഭൂമിയിൽ ആയിരുന്നെങ്കിൽ ഇത്തരം ഒരു സംഭവം ഉണ്ടാകില്ല. മനുഷ്യൻ തങ്ങളിൽ അർപ്പിച്ച സ്വധർമ്മത്തെക്കുറിച്ചുള്ള ഭഗവദ്ഗീതാവചനങ്ങൾ ഇവിടെ സ്മരിക്കാവുന്നതാണ്.

വലിയവൻ നിയമം ഉണ്ടാക്കുന്നു എന്നാൽ അതനുസരിച്ച് ജീവിക്കുവാൻ നിയമനിർമ്മാതാക്കൾ ബാധ്യസ്ഥരല്ല എന്ന ചൊല്ല് ഇവിടെ ശ്രദ്ധേയമാണ്. ദാവീദ് തന്റെ പാപം മറ്റുള്ളവർ അറിയാതിരിക്കാനായി ഊരിയാവിനെ ചതിയിൽ കൊലപ്പെടുത്തി. അങ്ങനെ ഒരു പാപം മൂടിവയ്ക്കുവാൻ, മറ്റൊരു വലിയ പാപം കൂടി ചെയ്യേണ്ടിവന്നു. ദാവീദ് കുറ്റവാളിയാണ് എന്ന് തന്റെ ദാസന്മാരിൽ ചിലർക്കെങ്കിലും അറിയാമായിരുന്നു. അതിലേറെ ആ പാപത്തിന്റെ പങ്കാളിയായ ബേത്ത്ശേബയ്ക്കും അറിവുള്ളതു തന്നെ. ഈ തെറ്റ് അറിഞ്ഞവർ ആരുംതന്നെ അതിനെതിരെ പ്രതികരിച്ചില്ല. എന്നാൽ ഇവിടെയാണ് ദൈവത്തിന്റെ ഇടപെടൽ ഉണ്ടായത്. 'എന്നാൽ ദാവീദ് ചെയ്തത് യഹോവയ്ക്ക് അനിഷ്ടമായിരുന്നു' (11:27) എന്ന പ്രസ്താവനയോടെയാണ് ഈ അധ്യായം അവസാനിക്കുന്നത്. എന്നാൽ ദാവീദിന്റെ പാപം ചോദ്യം ചെയ്യപ്പെടുകയാണ് അടുത്ത അധ്യായത്തിൽ. നാഥാൻ ദാവീദിനെ ശാസിക്കുന്നത് ശ്രദ്ധിക്കുക:

അനന്തരം യഹോവ നാഥനെ ദാവീദിന്റെ അടുക്കൽ അയച്ചു. അവൻ അവന്റെ അടുക്കൽ ചെന്ന് അവനോട് പറഞ്ഞത്: ഒരു പട്ടണത്തിൽ രണ്ടു പുരുഷന്മാർ ഉണ്ടായിരുന്നു. ഒരുത്തൻ ധനവാൻ മറ്റവൻ ദരിദ്രൻ. ധനവാന് ആടുമാടുകൾ അനവധി ഉണ്ടായിരുന്നു. ദരിദ്രനോ താൻ വലിയ വിലയ്ക്കു വാങ്ങി വളർത്തിയ ഒരു പെൺകുഞ്ഞാടല്ലാതെ ഒന്നും ഇല്ലായിരുന്നു, അത് അവന്റെ അടുക്കലും അവന്റെ മക്കളുടെ അടുക്കലും വളർന്നുവന്നു. അത് അവൻ തിന്നുന്നതിൽ ഓഹരി തിന്നുകയും അവൻ കുടിക്കുന്നതിൽ ഓഹരി കുടിക്കുകയും അവന്റെ മടിയിൽ കിടക്കയും ചെയ്തു. അവന് ഒരു മകളെപ്പോലെയും ആയിരുന്നു. ധനവാന്റെ അടുക്കൽ ഒരു വഴിയാത്രക്കാരൻ വന്നു; തന്റെ അടുക്കൽ വന്ന വഴിപോക്കനു വേണ്ടി പാചകം ചെയ്വാൻ സ്വന്തം ആടുമാടുകളിൽ ഒന്നിനെ എടുപ്പാൻ മനസ്സാകാതെ അവൻ ആ ദരിദ്രന്റെ കുഞ്ഞാടിനെ



പിടിച്ചു തന്റെ അടുക്കൽ വന്ന ആൾക്കുവേണ്ടി പാചകം ചെയ്തു. അപ്പോൾ ദാവീദിന്റെ കോപം ആ മനുഷ്യന്റെ നേരെ ഏറ്റവും ജ്വലിച്ചു. അവൻ നാഥാനോട്: യഹോവയാണ ഇതു ചെയ്തവൻ മരണയോഗ്യൻ. അവൻ കനിവില്ലാതെ ഈ കാര്യം പ്രവർത്തിച്ചതുകൊണ്ട് ആ ആടിനുവേണ്ടി നാലിരട്ടി പകരം കൊടുക്കണം എന്നു പറഞ്ഞു.

നാഥാൻ ദാവീദിനോടു പറഞ്ഞത് : 'ആ മനുഷ്യൻ നീ തന്നെ'. ദാവീദ് ഭയന്നു വിറച്ചു ''ഞാൻ യഹോവയോട് പാപം ചെയ്തിരിക്കുന്നു'' എന്ന് കുറ്റം ഏറ്റുപറഞ്ഞു. ദാവീദിന്റെ മഹത്വമാണ് ഈ പ്രസ്താവനയിലൂടെ വെളിവാകുന്നത്. ദൈവം ദാവീദിന്റെ പാപം ക്ഷമിച്ചുവെങ്കിലും പാപത്തിന്റെ പരിണതഫലം ദാവീദ് തന്റെ ജീവിതത്തിൽ പിന്നീട് അനുഭവിച്ചു. ബേത്ത്ശേബയിൽ ദാവീദിനുണ്ടായ കുഞ്ഞു മരിച്ചുപോയി. ശോകപര്യവസായിയായ ഈ സംഭവത്തിൽ ദാവീദ് ഒരു സങ്കീർത്തനം രചിച്ചു (സങ്കീ. 32:5).

ഞാൻ എന്റെ പാപം നിന്നോടറിയിച്ചു. എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു. തുടർന്ന് 51 ൽ സംഗീതപ്രമാണിക്ക് ദാവീദിന്റെ ഒരു സങ്കീർത്തനം. അവൻ ബേത്ശേബയുടെ അടുക്കൽ ചെന്നശേഷം നാഥാൻ പ്രവാചകൻ അവന്റെ അടുക്കൽ വന്നപ്പോൾ ചമച്ചത്. അനുതാപത്തിന്റെ സങ്കീർത്തനമായി രചിച്ചിട്ടുണ്ട്.

ഈ കഥയാണ് സി.ജെ. തോമസ് ആ മനുഷ്യൻ നീ തന്നെ എന്ന നാടകമായി രചിക്കയും രംഗത്ത് അവതരിപ്പിക്കപ്പെട്ടതും ചെയ്തത്. ഈ കഥ തന്നെ സിനിമയ്ക്ക് പറ്റിയ രീതിയിൽ ഫിലിപ്പ് ഡുണെ എഴുതി ഉണ്ടാക്കി ഹെൻറി കിംഗ് സംവിധാനം ചെയ്തവതരിപ്പിക്കപ്പെടുകയുണ്ടായി. 1951 ഓഗസ്റ്റ് 10ന് റിലീസ് ചെയ്ത ഈ ചിത്രത്തിൽ വിഖ്യാത നടൻ ഗ്രിഗറി പെക്ക് ദാവീദായും സൂസൻ ഹേയ്‌വാൾഡ് ബേത്ശേബയായും കീറോൺ മൂർ ഊറിയായും റെയ്മുണ്ട് മാസ്സേ നാഥാൻ ആയും വേഷം ഇട്ടു.

മനുഷ്യൻ തെറ്റുകൾ ചെയ്യാതിരിക്കാനും ചെയ്യുന്ന തെറ്റുകൾ ആരും അറിയില്ല എന്നതുകൊണ്ട് സത്യം യാഥാർത്ഥ്യമാവാതിരിക്കില്ല എന്നും, സത്യവും യാഥാർത്ഥ്യവും തമ്മിലുള്ള പാരസ്പര്യം ആദ്ധ്യാത്മിക ജീവിതത്തിൽ എപ്രകാരം പ്രസക്തമാവുന്നു എന്നും ഈ കൃതി, സദുദ്ദേശപരമായി വ്യാഖ്യാനിക്കുന്നു. വിശ്വപ്രസിദ്ധ ചലച്ചിത്ര സംവിധായകനായ അകിരാ കുറോസോവ തന്റെ ആത്മകഥയിൽ (Something Like An Autobiography) റാഷോമോൺ എന്ന ചിത്രത്തെപ്പറ്റി പറയുമ്പോൾ Human beings are unable to be honest with themselves. They Cannot talk any thing about them with out embellishing.

●



# പുരോഹിതൻ



ഫാ. മാത്യു ചിറയിൽ

1. വി. ഇഗ്നേഷ്യസ് – 'പൗരോഹിത്യമാണ് അന്തസുകളുടെ ഉച്ചസ്ഥാനം''
2. വി. എഫ്രേം – ''അനന്തമായ അന്തസാണ് പൗരോഹിത്യം''
3. വി. ജോൺ ക്രിസോസ്റ്റോം – ''പുരോഹിതന്റെ ചുമതലകൾ സ്വർഗത്തിലെ കാര്യങ്ങളിൽ എണ്ണപ്പെടുത്തണം''
4. വി. ഡെന്നിസ് – ''പുരോഹിതൻ ദൈവിക മനുഷ്യനാണ്, പൗരോഹിത്യം ഒരു പുണ്യ അന്തസാണ്''
5. വി. സിറിൾ – ''പുരോഹിതനിൽ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങൾ ദൈവികമാണ്''
6. വി.അംബ്രോസ് – ''ഒരു ദൈവിക ഉദ്യോഗമാണ് പൗരോഹിത്യം''
7. വി. ലോറൻസ് ജസ്റ്റിനിയൻ– ''ഓ എത്ര മഹത്വകരമാണ് പുരോഹിതന്റെ അധികാരം''
8. വി. പീറ്റർ ഡാമിയൻ – ''പുരോഹിതൻ ഉച്ചരിക്കുന്ന വരികൾ മുൻപേ പോകുന്നു. ദൈവം അതിന് തൊട്ട് താഴെ കൈയ്യൊപ്പ് രേഖപ്പെടുത്തുന്നു.''
9. വി. പ്രോസ്പർ – ''രാജാവിന്റെ ഭവനത്തിലെ മേൽനോട്ടക്കാരനാണ് പുരോഹിതൻ''
10. വി. ബർണാർദ് – ''രാജാക്കന്മാരുടെയും, മാലാഖാമാരുടെയും എല്ലാ അന്തസുകളെക്കാളും കൂടുതൽ ഉയർന്ന് നിൽക്കുന്ന അന്തസാണ് പൗരോഹിത്യം''



# സഹനസാക്ഷ്യം

**20 വർഷത്തോളം രോഗാവസ്ഥയിൽ കഴിഞ്ഞ്, ഫെബ്രുവരി 26ന് മരണമടഞ്ഞ കൊട്ടുവിരുത്തിൽ റെനിതയെക്കുറിച്ചുള്ള മകന്റെ ഓർമ്മക്കുറിപ്പ്**




**ലൈജു കോശി മാത്യു, കൊട്ടുവിരുത്തിൽ**
**(സെന്റ് ജോൺസ് കത്തീഡ്രൽ, തിരുവല്ല)**


എല്ലാവരും ജീവിതത്തെ ഒരു യാത്രയോട് ഉപമിക്കാറുണ്ട്. ജീവിതമാകുന്ന നൗകയിൽ സ്വർഗ്ഗീയ തീരമണിയുക എന്നതാണ് ഒരു ക്രൈസ്തവന്റെ ലക്ഷ്യം. ജീവിതനൗകയിൽ അമ്പതു വർഷം ശാന്തമായും സ്വസ്ഥമായും തുഴഞ്ഞു നീക്കിയ എന്റെ അമ്മ 2018 ഫെബ്രുവരി 26ന് സ്വർഗീയ തീരമണിഞ്ഞു. സഹനവും രോഗപീഡകളുമാകുന്ന കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ ആരോടും പരാതി പറയാതെ പുഞ്ചിരിയോടെ അതിനെയൊക്കെ മറികടന്നു. കാരണം, അമ്മയ്ക്കു ദൃഢമായ ഒരു വിശ്വാസമുണ്ടായിരുന്നു. തന്റെ പടകിൽ ഈശോ കൂടെയുണ്ട് എന്ന്. പിന്നെ എന്തിന് അമ്മ ഒരു അൽപ്പവിശ്വാസിയാകണം? തികഞ്ഞ വിശ്വാസബോധ്യത്തിൽ, വിശ്വാസത്തിന്റെ ആഘോഷത്തിൽ അമ്മ തീരമണിഞ്ഞു.

മക്കളായ ഞങ്ങൾ മൂന്നു പേരെയും (ഒരു ആണും, 2 പെണ്ണും) സഹനദാസിയായ അമ്മയും, ജോസഫിന്റെ വഴിയെ സഞ്ചരിച്ച അപ്പനും, ഇഹലോകജീവിതത്തിൽ ശുശ്രൂഷിച്ച അമ്മച്ചിയും യഥാർത്ഥ ജീവിതം പഠിപ്പിച്ചു. അത് ഒരു പക്ഷേ, ലോകത്തിന്റെ കണ്ണിൽ ഭോഷത്തമായ, തോൽവിയായ ജീവിതപാഠങ്ങളാകാം. പക്ഷേ അത് വിശ്വാസത്തിന്റെ കണ്ണിൽ ഏറ്റവും ശ്രേഷ്ഠമായ വിശ്വാസജീവിത പരിശീലനമായിരുന്നു.

**അമ്മയെക്കുറിച്ച്......**

1967 ഒക്ടോബർ 30ന് വെണ്ണിക്കുളം കച്ചിറയ്ക്കൽ വീട്ടിൽ എം.കെ. കുര്യന്റെയും അമ്മിണി കുര്യന്റെയും മൂന്നാമത്തെ കുഞ്ഞായി റെനിത സൂസൻ കുര്യൻ ജനിച്ചു. രണ്ട് ആങ്ങളമാരുടെയും ചേച്ചിയുടെയും 'കൊച്ചുമോൾ' ആയി വളർന്ന അമ്മ മുതുപാല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിലെ സജീവസാന്നിധ്യമായിരുന്നു. അമ്മയുടെ കുടുംബം മുതുപാല പള്ളിയിൽ സൺഡേസ്കൂൾ പരിശീലനരംഗത്തും, മറ്റ് ഇടവകപ്രവർത്തനങ്ങളിലും സജീവമായി നിൽക്കുന്നു. 1992 മെയ് 7 ന് തിരുവല്ല കത്തീഡ്രൽ

ഇടവകയിൽ കൊട്ടുവിരുത്തിൽ കെ.കെ. മാത്യു എന്ന സജിയുമായി വിവാഹം. 25 വർഷങ്ങൾ നീണ്ടുനിന്ന വിശുദ്ധമായ ദാമ്പത്യബന്ധത്തിന്റെ ആരംഭത്തിൽ 1993 ജൂൺ 28ന് ഇരട്ടക്കുട്ടികളായ ലൈജുവും ലയയും ജനിച്ചു. 1999 സെപ്റ്റംബർ 15ന് ലിഡിയാമോളും ജനിച്ചു.

ഞങ്ങളുടെ സ്കൂൾജീവിതത്തിന്റെ ആരംഭകാലത്തിൽ പഠനഭാഗങ്ങൾ പഠിപ്പിക്കാനും ഹോംവർക്ക് ചെയ്യിക്കാനും പിന്നീട് രോഗക്കിടക്കയിൽ ആയിരുന്നപ്പോൾ 10,12 ക്ലാസ്സിലെ പരീക്ഷകൾക്ക് പോകുമ്പോൾ അച്ചയും അമ്മയും ഒരുമിച്ചിരുന്നു ജപമാല ചൊല്ലുന്നതുമെല്ലാം ഞങ്ങളുടെ ഭാഗ്യപ്പെട്ട ഓർമ്മകളാണ്. പിന്നീട്, ജീവിതത്തിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കപ്പെടുമ്പോൾ, 'അമ്മേ ഈ കാര്യം നന്നായി ചെയ്യാൻ പ്രാർത്ഥിക്കണേ, അമ്മ പ്രാർത്ഥിച്ചാൽ മതി' എന്ന് അമ്മയോട് പറഞ്ഞിട്ട് ഇറങ്ങിയിട്ടുള്ള എല്ലാ കാര്യങ്ങളും ദൈവാനുഗ്രഹത്താൽ ഏറ്റവും ഭംഗിയായി നടന്നിരുന്നു. ഇപ്രകാരം ഞങ്ങളുടെ ജീവിതത്തിൽ എല്ലാ അവസ്ഥയിലും അമ്മ എന്നും ഞങ്ങൾക്ക് തുണയായിരുന്നു.

**സഹനജീവിതത്തിൽ**

1997 ലാണ് അമ്മയുടെ സഹനജീവിതം ആരംഭിക്കുന്നത്. Double Vision Symptom കാണിച്ച് ആരംഭിച്ച രോഗം പിന്നീട് 'മൾട്ടിപ്പിൾ സ്ക്ലീറോസിസ്' ആണ് എന്ന് തിരിച്ചറിഞ്ഞു. തലച്ചോറിലെ നെർവ്വ് സെൽസിന്റെ കോട്ടിംഗ് സ്വയം നശിക്കുന്ന ഒരു തരം രോഗമാണത്. വിദേശത്ത് സാധാരണവും നമ്മുടെ നാട്ടിൽ വളരെ അപൂർവ്വവുമായ രോഗം. സ്ത്രീകളാണ് കൂടുതലും ഈ രോഗത്തിനു വിധേയരാവുക. നെർവ് സെൽസ് നശിച്ചിട്ട് കാലിന്റെ ബാലൻസ് നഷ്ടപ്പെടുന്ന അവസ്ഥ.

തിരുവനന്തപുരം ശ്രീചിത്തിര മെഡിക്കൽ കോളജിലെ ഡോക്ടർമാരാണ് അമ്മയുടെ അസുഖം സ്ഥിരീകരിച്ചത്. അവർ ഈ രോഗത്തിന്റെ ആദ്യാവസ്ഥയിൽത്തന്നെ അച്ചയോടും അമ്മയോടും പറഞ്ഞിരുന്നു : ''മറുമരുന്നുകൾ ഒന്നും ഇന്നേവരെ ഈ അസുഖത്തിനു കണ്ടുപിടിക്കപ്പെട്ടിട്ടില്ല. There will be a gradual weakening of the body''. വളരെ പതുക്കെ രോഗിയുടെ അവസ്ഥ മോശമായിക്കൊണ്ടിരിക്കുമെന്നും കിടപ്പുരോഗിയാകുമെന്നും ഡോക്ടർമാർ മുമ്പേതന്നെ പറഞ്ഞിരുന്നു. അന്നു മുതൽ അച്ചയുടെ ജീവിതം ഒരു പുരോഹിതന്റേതിനു തുല്യവും, അമ്മ എന്നത് ഞങ്ങളുടെ കുടുംബത്തിന്റെ അൾത്താരയുമായി രൂപാന്തരപ്പെട്ടു.

ഈ രോഗാവസ്ഥ ആയിരിക്കുന്ന അവസ്ഥയിൽ നിലനിർത്തുവാൻ Methyl Pednasol എന്ന strong steroid എല്ലാ മാസവും അമ്മയ്ക്കു നൽകിയിരുന്നു. ആദ്യവർഷങ്ങളിൽ ശ്രീചിത്തിരയിൽ പോയി check-up ചെയ്ത് വർഷത്തിൽ ഒരു തവണ ഇഞ്ചക്ഷൻ എടുത്താൽ മാത്രം മതിയായിരുന്നു. എന്നാൽ പിന്നീട് രോഗകിടക്കയിൽ ആയിരുന്നപ്പോൾ എല്ലാ മാസവും ഇഞ്ചക്ഷൻ എടുത്തിരുന്നു. അവസാന 10 വർഷവും കുമ്പനാട് ഫെല്ലോഷിപ്പ് ഹോസ്പിറ്റലിലെ ഡോക്ടറും സംഘവും വീട്ടിൽ വന്നു ഇഞ്ചക്ഷൻ എടുത്തു നൽകിയിരുന്നു. 20 വർഷത്തെ സഹന ത്തിൽ, ആദ്യ 8 വർഷവും വളരെ ആക്ടീവായി എല്ലാ കാര്യങ്ങളിലും അമ്മ പങ്കെടുത്തിരുന്നു. പിന്നീടുള്ള 12 വർഷം, അമ്മയുടെ ലോകം അമ്മയുടെ മുറിയായി മാറ്റപ്പെട്ടു. അതു തന്നെയായിരുന്നു ഞങ്ങളുടെ പ്രാർത്ഥനാമുറിയും.

രോഗകിടക്കയിൽ അമ്മ നിരവധി സഹനങ്ങൾ മാനസികമായും ശാരീരികമായും ഏറ്റുവാങ്ങിയിരുന്നു. തന്റെ ഭർത്താവിനും മക്കൾക്കും ഭക്ഷണം ക്രമീകരിക്കാൻ തന്നേക്കൊണ്ട് സാധിക്കാത്തതിൽ ആ അമ്മയുടെ മനസ്സ് തീർച്ചയായും വിഷമിച്ചിരിക്കണം. ഒരു പക്ഷേ, ആദ്യകാലങ്ങളിലെ കരച്ചിലുകൾ ഇതിൽനിന്ന് ഉണ്ടായതാവാം. പിന്നീട് ഒരിക്കൽ ഒരു അവസരത്തിൽ അമ്മയ്ക്ക് അൽപ്പം ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കിയപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു; അമ്മയുടെ കാൽപ്പാദം ഉറുമ്പുകളാൽ പൊതിഞ്ഞിരിക്കുന്നു. എല്ലാ ദിവസവും കിടക്ക വിരി മാറ്റിയിട്ടും എങ്ങനെ ഇത് സംഭവിച്ചു എന്നറിയില്ല. പക്ഷേ, ആ പാവത്തിന്റെ കണ്ണിൽനിന്ന് വെള്ളം ഒഴുകുന്നത് അല്ലാതെ ഒന്ന് ഉറക്കെ കരയുവാനോ വിളിക്കാനോ സാധിക്കില്ലായിരുന്നു. ആരോടും ഒരു പരാതിയുമില്ലായിരുന്നു. പിന്നീടൊരിക്കൽ ഒരു ദിവസം അമ്മയുടെ കട്ടിലിൽ പ്രത്യേക തരം പുഴുക്കളെ കണ്ടെത്തി. അവിടെയും അമ്മ സഹിച്ചു. അത് എങ്ങനെ വന്നുവെന്ന് മാത്രം അറിയില്ല. രോഗക്കിടക്കയിൽ അമ്മയെ ദൈവം പരീക്ഷിച്ചുകൊണ്ടേയിരുന്നു. പക്ഷേ ഒന്നിലും അമ്മ പരാതിപ്പെട്ടില്ല. ഒരു പക്ഷേ നീതിമാനായ ജോബിനുതുല്യം ദൈവം അമ്മയെ കരുതിക്കാണും.

ഇങ്ങനെയുള്ള വേദനകളുടെ നടുവിലും അമ്മയുടെ മുഖത്ത് വന്നിരുന്ന പുഞ്ചിരി, അതായിരുന്നു ഞങ്ങളുടെ ജീവിതം.

**സഹനജീവിതത്തിൽ അമ്മയുടെ ശക്തി**

വിവാഹത്തിന്റെ ആദ്യ ദിവസങ്ങൾ മുതൽ അമ്മയുടെ അവസാനദിനം വരെയും അവർ ഒരുമിച്ചും, ഇന്ന് അച്ച ഭൂമിയിലും അമ്മ സ്വർഗ്ഗത്തിലുമിരുന്നു ചെയ്യുന്ന ഒരു കാര്യമുണ്ട്. വെളുപ്പിനെ 4 മണിക്ക് എഴുന്നേറ്റ് പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാല പ്രാർത്ഥനയും കരുണക്കൊന്തയും ചൊല്ലുമായിരുന്നു. ജപമാലയുടെ ദിവ്യരഹസ്യങ്ങളിലൂടെ അവർ അമ്മയുടെ രോഗാവസ്ഥയല്ലാതെയുള്ള പ്രധാന പ്രാർത്ഥനാവിഷയം മക്കളെക്കുറിച്ചും, ബന്ധുക്കളെക്കുറിച്ചും, പ്രാർ

ത്ഥന ആവശ്യമായവർക്കും, സഭയ്ക്കും സഭാ ദ്ധ്യക്ഷന്മാർക്കും, ദൈവവിളികൾക്കും വേണ്ടി യുള്ളതായിരുന്നു. അച്ഛയ്ക്കു ഗാനശുശ്രൂഷ യുള്ള ദിവസമാണെങ്കിൽ അതിനുവേണ്ടിയും, വളരെ പ്രത്യേകിച്ച്, വിവാഹിതരാകാൻ പോകുന്ന നവദമ്പതികൾക്കും വേണ്ടിയുള്ള പ്രാർത്ഥന യായിരുന്നു. ഇപ്രകാരം പ്രാർത്ഥനയിൽ ആരംഭി ച്ചിരുന്ന അവരുടെ ദിനചര്യയിൽ, പിന്നീട് ഭാര്യയെ കുളിപ്പിച്ച് വസ്ത്രമുടുപ്പിക്കുന്ന, ശുശ്രൂഷിക്കുന്ന പ്രിയ ഭർത്താവിനെ ഞങ്ങൾ കണ്ടിട്ടുണ്ട്. ആ ഭർത്താവായിരുന്നു അമ്മയുടെ ശക്തി. ആ ഭർത്താവിന്റെ ശക്തി പരിശുദ്ധ പരമദിവ്യകാരുണ്യ ഈശോയും.

അച്ഛ ഒരു ദിവസം പോലും വിശുദ്ധ കുർബാന സ്വീകരണാനുഭവം മുടക്കാറില്ല. അച്ഛയുടെ ശക്തിസ്രോതസ്സ് പരിശുദ്ധ കുർബാന തന്നെ യാണ്. അമ്മയുടെ രോഗാവസ്ഥ മൂർച്ഛിക്കുന്ന വേളകളിൽ അമ്മയ്ക്ക് സ്വാന്തനമേകുവാൻ വികാരിയച്ചന്മാർ നൽകിയിരുന്ന പരിശുദ്ധ കുർബാനയ്ക്ക് സാധിച്ചിട്ടുണ്ട്. വി. കുർബാന യുമായി വികാരിയച്ചൻ വരുന്നുണ്ട് എന്ന് പറയുമ്പോൾ അമ്മയുടെ മുഖത്ത് ദർശിച്ചിരുന്ന ചിരി, ഇന്ന് എന്റെ ഏറ്റവും പ്രചോദനാത്മകമായ ഓർമ്മയാണ്.

ദൈവവേലയ്ക്കായി ഒരു മകളെ വിട്ടുകൊടു ത്തത് അമ്മയുടെ ജീവിതത്തിന്റെ മറ്റൊരു സഹനവും ത്യാഗവുമായിരുന്നു. ദൈവികചിന്ത യിലും ദൈവികവ്യാപാരത്തിലുമായിരുന്ന അമ്മയ്ക്കുവേണ്ടി കൂടുതൽ ദൈവത്തോട് അടുത്ത് പ്രാർത്ഥിക്കുവാൻ സി. ഹൃദ്യ എസ്.ഐ.സി.യ്ക്ക് (എന്റെ സഹോദരിക്ക്) സാധിച്ചു. അമ്മയുടെ സഹനജീവിതത്തിലെ ഏറ്റവും വലിയ തുണയായിരുന്നു മൂത്ത മകളുടെ പ്രാർത്ഥനാജീവിതവും, മകളോടൊപ്പമുള്ള സന്യാസിനികളുടെ പ്രാർത്ഥനകളും.

ദൈവത്തോട് ചേർന്നു നിൽക്കുന്നവരെ ദൈവം ഒരിക്കലും കൈവിടില്ല. മൂത്തമകൾ ദൈവശുശ്രൂഷയ്ക്കിറങ്ങിയപ്പോൾ ഇളയമകളെ ദൈവം സമൃദ്ധമായി അനുഗ്രഹിച്ച് ഒരുക്കി തന്നു. ലിഡിയാ മോൾ ഇന്ന് സഹനജീവിതത്തിന്റെ സാക്ഷ്യമാണ്. അവൾക്ക് ലഭ്യമാകാമായിരുന്ന സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് അവൾ അമ്മയെ ശുശ്രൂഷിച്ചു. ദൈവം നൽകിയതിനെ വേണ്ട എന്ന് വയ്ക്കാതെ നിറഞ്ഞ മനസ്സോടെ സ്വീകരിച്ച അച്ഛയ്ക്കും അമ്മയ്ക്കും, ദൈവം കൊടുത്ത ഏറ്റവും വലിയ നിധിയായിരുന്നു എന്റെ അനിയ ത്തി. അവസാനനിമിഷം വരെ അവൾ അമ്മയെ ശുശ്രൂഷിച്ചു. മറ്റാരെക്കാൾ അധികമായി.



ഞങ്ങളുടെ സഹോദരങ്ങൾ, ബന്ധുക്കൾ എല്ലാവരുടെയും പ്രാർത്ഥനയും കരുതലും സ്നേഹവും അമ്മയ്ക്ക് ശക്തിയായിരുന്നു. അമ്മയോടൊപ്പം എപ്പോഴും ആരെങ്കിലും കൂട്ടത്തിലുണ്ടായിരുന്നു. അമ്മ ഒരിക്കലും തന്റെ സഹനത്തിൽ ഒറ്റപ്പെട്ടിരുന്നില്ല.

**സഹനത്തിനോടുള്ള അമ്മയുടെ പ്രത്യുത്തരം**

പല അവസരങ്ങളിലും പലരും ഞങ്ങളോട് ചോദിച്ചിട്ടുണ്ട്, ഒീം?എങ്ങനെ സാധിക്കുമെന്ന്. ആ അവസരങ്ങളിൽ ഞങ്ങൾ പറയുന്ന മറുപടി, അമ്മ ഞങ്ങളോട് പറഞ്ഞ വാക്കുകളായിരുന്നു: 'എല്ലാം ദൈവം തന്നു. എല്ലാം അവിടുത്തെ ഇഷ്ടം' ജോബിന്റേതിനു സമമായ വാക്കുകൾ. പരിശുദ്ധ കന്യകമാതാവിന്റെ മറുപടിയും അമ്മ എപ്പോഴും ഞങ്ങളോട് പറയുമായിരുന്നു: 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഹിതം എന്നിൽ ഭവിക്കട്ടെ.' ഇപ്രകാരം സഹനത്തോട് ശ്രേഷ്ഠമായ രീതിയിൽ അമ്മ പ്രത്യുത്തരിച്ചു.

**സഹനത്തിന്റെ ശ്രേഷ്ഠമായ പര്യവസാനം**

2017 നവംബർ മുതൽ ഈശോനാഥൻ അമ്മയെയും ഞങ്ങളെയും ഒരുക്കി. വീട്ടിൽ കിടപ്പിലായിരുന്ന 12 വർഷങ്ങൾക്കിടയിൽ ആദ്യമായി, അമ്മയെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. രോഗം അതിന്റെ അവസാനഘട്ടത്തിലാണ് എന്ന് ഞങ്ങൾക്ക് ഈശോ മുന്നറിയിപ്പ് നൽകി. അൽപ്പം ഭേദമായപ്പോൾ പുഷ്പഗിരിയിൽ നിന്ന് വീട്ടിൽ കൊണ്ടുവന്നു. ക്രിസ്മസിൽ ശാലോം ടി.വി., അമ്മയുടെയും അച്ഛയുടെയും സുവിശേഷസാക്ഷ്യം ലോകത്തിനു മുമ്പിൽ



അവതരിപ്പിക്കുവാൻ ഷൂട്ട് ചെയ്ത് പ്രക്ഷേപണം ചെയ്തു.

പിന്നീട്, ഇടയ്ക്ക് അമ്മയ്ക്ക് ബുദ്ധിമുട്ടുകൾ വരുമെങ്കിലും അമ്മ സുഖപ്പെട്ടിരുന്നു. ഫെബ്രുവരി 26–ാം തീയതി വൈകുന്നേരം 6 മണി മുതൽ അമ്മയുടെ രോഗം കൂടി. ശ്വാസം എടുക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. സന്ധ്യാപ്രാർത്ഥന വേളയിൽ പള്ളിയിൽ വന്ന് കൊച്ചച്ചൻ ഈട്ടിക്കലച്ചനെയും എന്നെയും കൂട്ടി അച്ഛ വീട്ടിലേക്ക് വന്നു. ഡോക്ടറിനെയും വിളിച്ചു. പിന്നീട് പ്രാർത്ഥന ആരംഭിച്ചു. വികാരി പറപ്പള്ളിലച്ചൻ ഭവനസന്ദർശനം നിർത്തി അമ്മയുടെ അടുത്ത് വന്നു. അച്ചൻ വി. കുർബാന നൽകി. ബഥനിയിൽനിന്ന് നേഴ്സുമാരായ സിസ്റ്റർമാർ അമ്മയെ പരിചരിച്ചു. അഭിവന്ദ്യ കൂറിലോസ് പിതാവും, താഴമൺ അച്ചനും, അരമനയിലെ വൈദികരും, മറ്റ് വൈദികരും കടന്നു വന്ന് അപ്പസ്തോലിക ആശീർവ്വാദം നൽകി. വികാരിയച്ചൻ ജപമാലപ്രാർത്ഥനയ്ക്കും കരുണക്കൊന്തയ്ക്കും, വിശ്വാസപ്രമാണം ചൊല്ലിയും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. നാട്ടിലുള്ള എല്ലാ ബന്ധുമിത്രാദികളും എത്തി. രാത്രി 9.45 ഓടെ കോട്ടയത്ത് നിന്ന് സി. ഹൃദ്യയും എത്തി. ജപമാല പ്രാർത്ഥന മുഴുവൻ ചൊല്ലിക്കഴിഞ്ഞ്, സിസ്റ്റർ മോളെയും കണ്ടശേഷം രാത്രി 10.00 മണിക്ക് അമ്മയുടെ ആത്മാവ് പ്രാർത്ഥനയുടെ നടുവിൽ, വിശ്വാസത്തിന്റെ ആഘോഷത്തിൽ ദൈവസന്നിധി പ്രാപിച്ചു. ഇതിൽപരം ഭാഗ്യം നിറഞ്ഞ, അനുഗ്രഹിക്കപ്പെട്ട മരണം 20 വർഷത്തെ സഹനജീവിതത്തിനു ലഭ്യമാകുമായിരുന്നില്ല. അതുപോലെതന്നെ അനുഗ്രഹിക്കപ്പെട്ട മൃതസംസ്കാരവും യാത്രയയപ്പും അമ്മയ്ക്ക് നൽകപ്പെട്ടു.

**ഉപസംഹാരം**

അമ്മയുടെ ജീവിതം അനേകർക്ക് സാക്ഷ്യമാകാം എന്ന ബോധ്യത്തിലാണ് ഇത് എഴുതുന്നത്. സഹനം എന്നത് ശുദ്ധീകരണത്തിന്റെ അവസ്ഥയാണ്. രോഗി മാത്രമല്ല ശുദ്ധീകരിക്കപ്പെടുക, പകരം രോഗിയെ കരുതുന്ന ഓരോ കരങ്ങളും ശുദ്ധീകരിക്കപ്പെടുന്നു. ദയാവധം എത്ര ഉപാധിയോടെ അനുവദിക്കപ്പെട്ടാലും, ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് തിരികെ ദൈവം അതിന്റെ തികവിൽ, പരിപൂർണ്ണതയിൽ തിരിച്ചുവിളിക്കും. സഹനത്തെ ശുദ്ധീകരണമായി നാം കാണണം. അവിടെയാണ് നമ്മുടെ വിശ്വാസം അഭിവൃദ്ധിപ്പെടുക. അവിടെ എന്നും പുഞ്ചിരി മാത്രമേയുണ്ടാകൂ. അവിടെ സങ്കടത്തിനു വകയില്ല. ''ഞാൻ നിന്നെ ശുദ്ധീകരിച്ചു. എന്നാൽ, വെള്ളിപോലെയല്ല, കഷ്ടതയുടെ ചൂളയിൽ നിന്നെ ഞാൻ ശോധന ചെയ്തു'' (ഏശയ്യാ 48:10) എന്ന വചനം നമുക്ക് പ്രചോദനമാകട്ടെ.

# ആത്മീയാനുഭവത്തിന്റെ കല

**മുൻ ISRO ഉദ്യോഗസ്ഥൻ. കലയെന്ന സ്വപ്ന സാക്ഷാൽക്കാരത്തിനായി ജോലി രാജിവെച്ച് ലോകത്തിലെ തന്നെ ഏറ്റവും വലിയ Cultural Society ആയ Soorya Stage & Film Society യുടെ സ്ഥാപകൻ.**
**കേരളത്തിലെ ആദ്യകാല Light & Sound Show യുടെ അമരക്കാരൻ.**
**ഭക്തിയുടെയും പ്രണയത്തിന്റെയും അമൂർത്തഭാവം നിറയുന്ന ഭാരതീയ കലകളുടെ ലോകോത്തര അംബാസിഡർ.**
**അദ്ദേഹത്തിന്റെ ഏറ്റവും പുതിയ സൃഷ്ടിയായ ''എന്റെ രക്ഷകൻ'' ബൈബിൾ ഷോ യെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.**

### ''എന്റെ രക്ഷകൻ'' എന്ന ഷോയിലേക്ക് വന്ന വഴി

എന്റെ ഓരോ പ്രവർത്തനങ്ങളും ആന്തരീകമായ ഒരുൾവിളി, അല്ലെങ്കിൽ ദൈവത്തിന്റെ ആജ്ഞയിലൂടെ (That is Inner Command of God) നടന്നിട്ടുള്ളതെന്നാണ് ഞാൻ എന്ന കലാകാരൻ വിശ്വസിച്ചുപോരുന്നത്. ''എന്റെ രക്ഷകൻ'' എന്ന ഷോയുടെ പിന്നിലെ വികാരവും ഇതുതന്നെയാണ്. പന്ത്രണ്ട് വർഷങ്ങൾക്കു മുമ്പ് തിരുവനന്തപുരത്ത് ഒരു പള്ളിയുടെ നൂറാം വാർഷികത്തോടനുബന്ധിച്ചാണ് ഇത്തരത്തിലൊരു ഷോ ആദ്യമായി ഞാൻ നടത്തുന്നത്. അവിടുത്തെ ബിഷപ്പിന് സ്വപ്നത്തിൽ കിട്ടിയ വെളിപാടാണ് അതിന്റെ പിന്നിലെ കാരണം. ഇതുപോലെ നെൽസൺ മൺഡേലയെപ്പറ്റിയുള്ള ഒരു നാടകം ഡൽഹിയിൽ അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയോ മറ്റോ ആ നാടകം കാണുകയും, അദ്ദേഹം ആ വിവരം അറിഞ്ഞതിൻ പ്രകാരം ആഫ്രിക്കൻ നാഷണൽ ഡേയ്ക്ക് അത് വീണ്ടും ചെയ്തതുമൊക്കെ ഒരു നിയോഗമായിട്ടുതന്നെയാണ് ഞാൻ കാണുന്നത്.

തിരുവനന്തപുരത്ത് ഇത്തരത്തിലൊരു പരിപാടി ചെയ്യണമെന്ന് ബിഷപ്പ് പറയുമ്പോൾ എനിക്ക് എടുത്താൽ പൊങ്ങാവുന്ന ഒരു കഥാപാത്രമല്ല എന്ന നല്ല തിരിച്ചറിവുള്ളതുകൊണ്ടു തന്നെ ഇതിനെക്കുറിച്ച് അറിവുള്ള ആരെങ്കിലും ചെയ്യുന്നതല്ലെ നല്ലത് എന്ന അഭിപ്രായം ഞാൻ പങ്കുവെയ്ക്കുകയുണ്ടായി. എന്നാൽ മുമ്പ് സൂചിപ്പിച്ചതുപോലെ ആന്തരികമായ ഒരു ദൈവീകആജ്ഞയാണ് ചെറിയ രീതിയിലാണെങ്കിലും എന്നെക്കൊണ്ട് അന്ന് അതവതരിപ്പിക്കുവാൻ കാരണമായത്. ആ ഒരു ആത്മവിശ്വാസമാണ് പിന്നീട് ബൈബിളിനെ ആസ്പദമാക്കി ഒരു വലിയ പ്രോഗ്രാം ചെയ്യണമെന്ന തോന്നലിലേക്ക് എന്നെ എത്തിച്ചത്. ആ ദൈവസ്പർശം ഇന്നും തുടരുകയാണ്. റിഹേഴ്സൽ ആവട്ടെ അവതരണം ആവട്ടെ എന്നും സ്റ്റേജിൽ ഒരു തുള്ളിച്ചോര വീണിരിക്കും.



അതാണ് അതിന്റെ ഒരു കാര്യം. ഈ ഒരനുഭവം ഞാൻ പല വേദികളിലും സൂചിപ്പിച്ചിട്ടുള്ളതാണ്.

ഇപ്പോൾ ഏറ്റവും ഒടുവിൽ ചെന്നൈ ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിലാണ് എന്റെ രക്ഷകൻ നാടകം അവതരിപ്പിക്കപ്പെട്ടത്. അന്ന് ഒരാൾ വീണ് കൈ ഒടിഞ്ഞിരുന്നു. ആരും അറിയാതെ അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടു പോയി. എവിടെയോ ഒരു അനുഗ്രഹത്തിന്റെ കരസ്പർശം മൂലമാണിതൊക്കെ എന്ന് എല്ലാവരും വിശ്വസിക്കുന്നു. ഇതിൽ അഭിനയിക്കുന്നവരെല്ലാംതന്നെ ക്രൈസ്തവേതരരാണെന്നത് ഏറെ പ്രാധാന്യത്തോടെ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ചെറിയ ഒരു പ്രോഗ്രാം ആണെങ്കിലും ഞാൻ റിഹേഴ്സലിന് ഒരുപാട് സമയം എടുക്കും. കാരണം, റിഹേഴ്സൽ സമയത്തായിരിക്കും കൂടുതൽ തിരുത്തലുകൾ നടത്താൻ സാധിക്കുക. ഈ റിഹേഴ്സൽ സമയത്ത് അഞ്ച് ആർട്ടിസ്റ്റുകൾ പ്രേമി ച്ച് വിവാഹം ചെയ്തു. ഇതും ഒരു നിയോഗം ആണ്. അവർ കല്യാണം കഴിക്കുമായിരിക്കും. പക്ഷേ, വേറെ ആളായിരിക്കും. ഇവർ എല്ലാവരും ഇപ്പോഴും എന്നോടൊപ്പം സജീവമായിത്തന്നെയുണ്ട്.

തിരുവനന്തപുരത്തെ പരിപാടിക്കുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞാണ് ഒരു വലിയ പ്രോഗ്രാം ചെയ്യണമെന്ന തോന്നൽ ഉടലെടുക്കുന്നത്. ആ ചിന്ത വന്നപ്പോൾ അലക്സ് അച്ചന്റെ അടുക്കൽ പോയി പറഞ്ഞു. അച്ചൻ പ്രോത്സാഹിപ്പിച്ചു. പണത്തിനായി എന്റെ കൂട്ടുകാരോട് സൂചിപ്പിച്ചു. ഒരുകോടി രൂപ വേണം ഇത്തരത്തിൽ ഒരു സ്റ്റേജ് പ്രോഗ്രാം ചെയ്യാൻ. 20 പേരെ സമീപിച്ചു. അതിൽ 19 പേർ സഹായിച്ചു. അഹങ്കാരം പാടില്ല. എല്ലാം ദൈവത്തിന്റെ അനുഗ്രഹമാണ്. അല്ലാതെ 200 പേരെയും ഇത്ര മൃഗങ്ങളെയും അണിനിരത്തി ഒരു നാടകം ചെയ്യുക എന്നത് വലിയ ഒരത്ഭുതംതന്നെയാണ്.

ബൈബിളിന്റെ പഠനത്തിലൂടെ വളരെ ലളിതമായി ജീവിക്കാൻ ഇഷ്ടപ്പെടുന്ന ആളാണ് ഞാൻ. അത് എന്റെ അച്ഛനിൽനിന്നു കിട്ടിയിട്ടുള്ള പാഠമാണ്. അബ്ദുൾ കലാമിന്റെ കൂടെയാണ് ഐ.എസ്.ആർ.ഒ.യിൽ ജോലി ചെയ്തത്. വളരെ ലാളിത്യമുള്ള ആളുകളുമായിട്ടാണ് ഞാൻ സഹവസിച്ചിട്ടുള്ളത്. ലാളിത്യത്തിന്റെ സൗന്ദര്യം മറ്റൊന്നിലുമില്ല. ഏറ്റവും ലളിതമായിട്ട് ജീവിക്കാൻ അറിയണം, പഠിക്കണം അതാണ് ഏറ്റവും വലിയ സൗന്ദര്യം എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഇത്തരത്തിൽ ഞാൻ ജീവിക്കുമ്പോൾ, അങ്ങനെ ബോധ്യമുള്ളപ്പോൾ എന്നെക്കാൾ എത്രയോ അധികമായി ലളിതമായിട്ട് ഇന്നും ജീവിക്കുന്ന ഒരാളെ കണ്ടപ്പോൾ എനിക്ക് അനുകമ്പയും ആകർഷണവും തോന്നി.

ഇതിനായി ബൈബിൾ ഒരുപാട് വായിച്ചു. ഞാൻ എന്റേതായ വ്യാഖ്യാനം നടത്താനാണ് ശ്രമിച്ചിട്ടുള്ളത്. ബൈബിൾ വ്യാഖ്യാനം ഒരു വൈദീകനിലൂടെ, അല്ലെങ്കിൽ ഒരു മെത്രാനിലൂടെയോ കേൾക്കുന്നതുപോലെയോ, അല്ലെങ്കിൽ ബൈബിളിൽ എഴുതിവച്ചിരിക്കുന്ന കാര്യങ്ങൾ പോലെയോ അല്ല ഞാൻ അവതരണത്തിൽ ചെയ്യാൻ ശ്രമിച്ചിട്ടുള്ളത്. സാധാരണ ഒരാൾ കാണുമ്പോൾ അതിൽ എല്ലാം ഉണ്ടാകും. പക്ഷെ വരികൾക്കിടയിലൂടെ നോക്കുമ്പോൾ നമ്മുടേതായ വ്യാഖ്യാനം അതിൽ ചെയ്യാൻ കഴിയും. ഓരോ അത്ഭുതത്തിലും തത്വശാസ്ത്രം ഉണ്ടെന്നും ഓരോ തത്വശാസ്ത്രവും ഒരു ബുക്ക് എഴുതാൻ പറ്റുന്ന പൊരുൾ ഉണ്ടെന്നും പറയാനാണ് ശ്രമിച്ചിട്ടുള്ളത്. അതൊന്നും അത്ഭുതങ്ങളായിട്ടല്ല ഞാൻ കാണി ച്ചിട്ടുള്ളത്. പരിപാടി തുടങ്ങുമ്പോൾ ആദ്യം തന്നെ ആളുകളുടെ നെറ്റിചുളിയും. കാരണം, ഷോ തുടങ്ങുന്നതു സംസ്കൃത ശ്ലോകത്തിലാണ്. സംസ്കൃത ശ്ലോകം ബൈബിളിൽ എങ്ങനെവന്നുവെന്ന് സ്വാഭാവികമായും സംശയിക്കാം. എന്നാൽ ഇവിടെ മദർ മേരിയെ ഭൂമീദേവിയോട് സാദൃശ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഭൂമിദേവിയെ കൊണ്ടുവരുന്നത് പഞ്ചഭൂതങ്ങളിലൂടെയാണ്. ഭൂമിദേവിയാണെങ്കിലും മദർ മേരിയാണെങ്കിലും ആണിന്റെ സഹായമില്ലാതെ ഗർഭിണിയായവരാണ്. ഈ രണ്ടുപേർക്കേ ഇങ്ങനെ പറ്റിയിട്ടുള്ളൂ. ഇതു രണ്ടും ഒന്നുതന്നെയെന്നുള്ളത് ഒരു കലാകാരൻ എന്നനിലയിൽ അവതരിപ്പിക്കുവാൻ സാധിച്ചു. ഈ ഷോയുടെ അവതരണ ശൈലി ഇത്തരത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. അന്ധനായ ബർത്തിമേയൂസിന് കാഴ്ചശക്തി കിട്ടി. ഇങ്ങനെ പറയുമ്പോൾ സിനിമയിൽ ചിത്രീകരിക്കും പോലെ ആയിമാറും. വേറെ എത്രയോ അന്ധന്മാർ ഉണ്ടായിരുന്നു. ഒരാളെ മാത്രം വിളിച്ച് കാഴ്ചശക്തി പറഞ്ഞുതരുന്ന തത്വശാസ്ത്രം ഒരു കലാകാരന്റേതാണ്. നമ്മുടെ ഉള്ളിൽ ഒരു കണ്ണുണ്ട്, അകക്കണ്ണ്. അകക്കണ്ണ് തുറന്ന് അതിലൂടെ കാണുന്നതാണ് നിന്റെ കാഴ്ച എന്ന് ക്രിസ്തു പറയുന്നു. നീ അന്ധനാണെങ്കിലും അകക്കണ്ണ് തുറന്ന് അതിലൂടെ കാണാനുള്ള സിദ്ധി ഞാൻ നിനക്ക് നല്കാം. ഞങ്ങളൊക്കെ കാണുന്നതിലും കൂടുതൽ യഥാർത്ഥ ദൃശ്യങ്ങൾ നീ കാണും. ഇതാണ് തത്വശാസ്ത്രം.

കാഞ്ഞങ്ങാട് എന്ന സ്ഥലത്ത് വിധവകളെക്കുറിച്ചുള്ള ഒരു പരിപാടി ചെയ്തു. അവിടെ വളരെ ചെറുപ്പത്തിൽ വിധവയായിട്ടുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. പ്രേമിച്ച് കല്യാണം കഴിച്ച് ഒരു കുഞ്ഞ് ജനിക്കുന്നതിന് മുമ്പ് ഭർത്താവ് മരിച്ചുപോയി. ഗർഭിണിയായിരിക്കുന്ന സമയം. അവരുടെ കഷ്ടപ്പാട് പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഞാൻ ചോദിച്ചു: നിങ്ങൾ സുന്ദരിയാണ്, ചെറുപ്പമാണ്, നിങ്ങൾക്ക് ഒരു പുതിയ ജീവിതം തേടികൂടെ. അപ്പോൾ അവർ പറഞ്ഞതാണ്, ആ മനുഷ്യൻ എന്റെ മനസ്സിൽ നിന്നു പോകുന്നില്ലായെന്ന്. വിധവയുടെ വേഷം ധരിച്ചാണ് വരുന്നത്. പൊട്ടില്ല, മാലയില്ല, വളയില്ല. അപ്പോൾ ഞാൻ



''എന്റെ രക്ഷകനി''ൽ
നിന്നുള്ള രംഗം

പറഞ്ഞു നിങ്ങളുടെ മനസ്സിൽ നിന്ന് ഭർത്താവ് പോയിട്ടില്ലായെങ്കിൽ നിങ്ങൾ വിധവയല്ല. അടുത്ത ദിവസം ആ സ്തീ പട്ടുസാരി ഉടുത്താണ് എന്നെ കാണാൻ വന്നത്. ആ സംഭവം എന്റെ ജീവിതത്തിലെ വലിയ ഒരു പാഠമാണ്. അവർ അങ്ങനെ ചെയ്യുമെന്ന് ഞാൻ ഒരിക്കലും ചിന്തിച്ചിരുന്നില്ല. ദൈവത്തിന്റെ പ്രേരണയിലൂടെയാണ് അങ്ങനെ പറയാൻ തോന്നിപ്പിച്ചത്. മനസ്സിൽ ഭർത്താവ് ഉള്ളിടത്തോളം കാലം ഒരു സ്ത്രീയും വിധവയാകുന്നില്ല. അതാണ് മാർത്തയും മറിയവും പറയുന്നത്. നിന്റെ മനസ്സിൽ അവൻ എന്നും ജീവിക്കും. നിന്റെ മനസ്സിൽ അവൻ ഉള്ളിടത്തോളം കാലം നിങ്ങളെ സംരക്ഷിക്കാൻ അവൻ എന്നും ഉണ്ടാകും. യഥാർത്ഥ സ്നേഹത്തിന്റെ മുമ്പിൽ ഒരാളും മരിക്കുന്നില്ല. മഹാത്മ ഗാന്ധിയെ വെടിവച്ചതല്ലേ ഉള്ളൂ. കൊന്നില്ലല്ലോ. മാർട്ടിൻ ലൂഥർകിംഗാണെങ്കിലും ഏബ്രഹാം ലിങ്കനാണെങ്കിലും കൊല്ലപ്പെടുന്നില്ല. കൊല്ലാൻ പറ്റില്ല. അവർ ജീവിച്ചുകൊണ്ടേയിരിക്കും. യഥാർത്ഥ മനുഷ്യന്റെ ആയുസ്സ് എന്നു പറയുന്നത് അയാൾ മരിച്ചിട്ട് എത്രനാൾ ജീവിക്കും എന്നുള്ളതിലാണ്. ഇത്തരത്തിൽ ഒരു തത്വശാസ്ത്രം ഇവിടെ കൊണ്ടുവരാൻ പറ്റി. അത് ഒരു കലാകാരന്റെ വ്യാഖ്യാനമാണ്.

യേശുവിനെക്കുറിച്ച് ഞാൻ പറഞ്ഞിരിക്കുന്നത് ശിഷ്യന്മാരോടും അന്നത്തെ ഗ്രാമവാസികളോടും അല്ല. ഓഡിയൻസിനോടാണ്. ഗിരിപ്രഭാഷണം എടുത്താലും ''ഉണരൂ, ജീവനിലേക്ക് വരൂ'' എന്ന് ലാസറിനോട് പറയുന്നത് ഓഡിയൻസിനോടാണ്. എപ്പോഴും ഉറങ്ങിക്കിടക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. ജീവിനിലേക്ക് വരൂ...., എഴുന്നേൽക്കൂ എന്നു പറയുന്നത് ലാസറിനോടല്ല, ഓഡിയൻസിനോടാണ്. നമ്മൾ കാണുമ്പോൾ ലാസറിനോടാണ് പറയുന്നതെന്ന് തോന്നാമെങ്കിലും, ഏത് അക്രമവും അനീതിയും കണ്ട് ഉറങ്ങിക്കിടക്കുന്ന സമൂഹത്തെ നോക്കിക്കൊണ്ടാണ് അത് പറയുന്നത്. മഗ്ദലേന മറിയത്തിന്റെ കാര്യത്തിലും അത് തന്നെയാണ്. എന്റെ ഈ നാടകത്തിൽ മഗ്ദലേന മറിയത്തോട് അല്ല ഓഡിയൻസിനോടാണ് യേശു സംസാരിക്കുന്നത്. അതുകൊണ്ടാണ് ആ രംഗത്തിൽ കല്ല് കാണിക്കാത്തത്. പണ്ട് കല്ലായിരുന്നെങ്കിൽ ഇന്ന് വാക്കുകൾകൊണ്ടാണ് വേദനിപ്പിക്കുന്നത്. ഇത്തരം അവതരണ ശൈലിയിലൂടെയാണ് ഓരോ രംഗവും ചെയ്യാൻ ശ്രമിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഇന്നിന്റെ കാലഘട്ടത്തിലൂടെ ക്രിസ്തുജീവിതം ദർശിക്കുന്ന ഒരു കലാകാരന്റെ വ്യാഖ്യാനമാണ് എന്റെ രക്ഷകൻ എന്ന നാടകം. യേശു ജീവിച്ചതുപോലെ നമ്മളും ജീവിക്കണം. പണ്ട് ദൈവാലയത്തിൽ കച്ചവടം നടത്തിയിരുന്നവരെ അടിച്ചോടിക്കുന്ന ക്രിസ്തുവിനെ നാം കാണുന്നു. ഇന്ന് അവയൊക്കെ തനിയാവർത്തനമായി മാറിക്കൊണ്ടിരിക്കുന്നു. ചായം പൂശുന്ന മൂടുപടങ്ങളിൽ കലയുടെ വംശഹത്യകൾ അരങ്ങേറുന്നു. ക്രിസ്തു പറഞ്ഞിട്ടുള്ളതെല്ലാം കാലികമാണ്. ഇനിയും ഒരായിരം കൊല്ലം കഴിഞ്ഞാലും കാലികമാണെന്നതാണ് സത്യം. ഈ പറഞ്ഞിട്ടുള്ളവ അന്നത്തെ ജനതയ്ക്കുവേണ്ടിയാണോ ഇന്നത്തെ ജനതയ്ക്കുവേണ്ടിയാണോ എന്നുള്ള നമ്മുടെ തോന്നലിലാണ് ക്രിസ്തു ജീവിക്കുന്നത്.

യേശുവിന്റെ പ്രണയത്തെക്കുറിച്ചുള്ള ചിലരുടെ സന്ദേഹങ്ങൾ ഇവിടെ അനാവരണം ചെയ്യുന്നുണ്ട്.. അദ്ദേഹം ഒരിക്കലും സ്ത്രീവിരോധിയായിരുന്നില്ല. സ്ത്രീകളെ ഒരുപാട് ബഹുമാനിച്ചിരുന്നു, സ്നേഹിച്ചിരുന്നു. സൃഷ്ടികർമ്മത്തിൽ തന്റെ പിതാവിനൊപ്പം പങ്കാളിയായിരുന്ന ദൈവപുത്രന് തന്റെ ജനത സ്തീയെന്നോ, പുരുഷനെന്നോ ഉള്ള വേർതിരിവ് ചിന്തയല്ലല്ലോ ഉണ്ടാകുന്നത്.

'ഞാൻ അവനാകുന്നു' എന്നു തുടങ്ങുന്ന ഒരു പാട്ട് എഴുതിയിട്ടുണ്ട്. എനിക്ക് ചില കാര്യങ്ങൾ ചെയ്യാൻ വേണ്ടി മാത്രമാണ് ഞാൻ വന്നത് എന്നതുപോലെ ഒരു കാര്യം പറഞ്ഞ് ചേമ്പിലയിൽ വെള്ളം ഒഴിക്കുന്ന ഒരു സീനുണ്ട് ഈ നാടകത്തിൽ. എത്ര ഒക്കെ ഒഴിച്ചാലും അത് ഇലയിൽ

നില്ക്കില്ല. ഒരു കലകാരന്റെ ചിന്തയിലൂടെ അതിനൊക്കെ ഉത്തരം കൊടുക്കാനാണ് ശ്രമിച്ചിട്ടുള്ളത്. പറയാൻ ശ്രമിച്ചിട്ടുള്ള കാര്യങ്ങളിൽ ദൈവാനുഗ്രഹം ഉള്ളതുകൊണ്ടാണ് പരിപാടി വിജയിക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

**മുറിവുകൾ**

ദൈവത്തിന് പ്രിയപ്പെട്ടവരെ മുറിവുകൾ ഏല്പിക്കുകയുള്ളൂ. അത് എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞിട്ടുണ്ട് "DIFFICULTIES IN YOUR LIFE DO NOT COME TO DISTROY YOU, BUT TO HELP YOU REALISE YOUR HIDDEN POTENTIAL AND POWER, LET DIFFICULTIES KNOW THAT YOU TOO ARE DIFFICULT''. ഒരു കവിത എഴുതണമെങ്കിൽ, സങ്കടമുണ്ടെങ്കിൽ മാത്രമേ കവിത എഴുതാൻ സാധിക്കുകയുള്ളൂ. എല്ലാവിധ സുഖസൗകര്യങ്ങളും ആസ്വദിച്ച് കവിത എഴുതാൻ സാധിക്കണമെന്നില്ല. സന്താപത്തിൽ നിന്നേ കവിത പിറക്കുകയുള്ളൂ എന്ന് വാല്മീകിയുടേതായി ഒരു ചിന്ത വായിച്ചിട്ടുണ്ട്. സത്യമാണ്. ഉള്ളിൽ ഉള്ളത് മുറിവുകളാണ്. അതുകൊണ്ട് തിരുമുറിവുകളെന്നല്ലേ പറയുന്നത്. എനിക്ക് ഉണ്ടായിട്ടുള്ള മുറിവുകളാണ് എന്നെ ഒരു കലാകാരനാക്കിയിരിക്കുന്നത്. ഈ മുറിവുകളില്ലായിരുന്നെങ്കിൽ ചിലപ്പോൾ ഞാനും ഇങ്ങനെയൊക്കെ ആകുമായിരുന്നില്ല. ഞാൻ വലിയ ആളാണെന്നല്ല പറഞ്ഞുവന്നത്. ഇത്ര പോലും എനിക്ക് പറ്റില്ലായിരുന്നു എന്നാണ് എന്റെ ചിന്ത.

കിംവദന്തികളിൽ ജീവിക്കുന്ന ക്രിസ്തു എന്ന മജീഷ്യനെയല്ല, മറിച്ച് നമ്മളെ നയിക്കാൻ സാധിക്കുന്ന, നമ്മളെക്കാൾ ലളിതമായി ജീവിച്ചിരുന്ന, ദൈവീകത്വവും, മാനുഷീകത്വവും ഇടകലർന്ന ദൈവപുത്രനെയാണ് ഈ നാടകത്തിലൂടെ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. മാറ്റങ്ങൾ ഉണ്ടാവേണ്ടത് നമ്മൾക്കാണ്. നമുക്ക് വലിയ ഉത്സവ ആഘോഷങ്ങളല്ല വേണ്ടത്. അവിടെ ചെലവാക്കുന്ന പണം വയറിന് വിശപ്പടക്കാൻ കൊടുത്താൽ അതാണ് ക്രിസ്തുവിന് വേണ്ടത്.

**ശാസ്ത്രവും കലയും ജീവിതത്തിൽ**

ശാസ്ത്രജ്ഞനും കലാകാരനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വിക്രം സാരാഭായ്, രാജാ റാമണ്ണ, സി.ആർ. സത്യ, അബ്ദുൾ കലാം ഇവരൊക്കെ കലാകാരന്മാരാണ്. എന്റെ കാഴ്ചപ്പാടിൽ ഒരു കലാകാരനും ശാസ്ത്രജ്ഞനും മറ്റുള്ളവർക്കുവേണ്ടി ജീവിക്കാൻ വിധിക്കപ്പെട്ടവരാണ്. ശാസ്ത്രജ്ഞൻ എന്തെങ്കിലും കണ്ടുപിടിക്കുന്നത് തനിക്കുവേണ്ടിയല്ല, ലോകത്തിനുവേണ്ടിയാണ്. അതുപോലെയാണ് കലാകാരനും. അവൻ പണത്തിനുവേണ്ടിയിട്ടല്ല, തീർച്ചയായിട്ടും സമൂഹത്തിനുവേണ്ടിയിട്ടാണ്. അപ്പോൾ ഇവർ രണ്ടുപേരും ഒരേവിഭാഗത്തിൽ പെട്ടവരാണ്. കച്ചേരി പാടുന്നവരെ കണ്ടിട്ടില്ലേ. അതിന് ശാസ്ത്രീയസംഗീതമെന്നാണ് പറയുന്നത്. ഒരു മ്യൂസിക് എടുത്തു കഴിഞ്ഞാൽ, അത് ഒരു കലാരൂപമാണ്, അതിന്റെ ഗതിയെ നിശ്ചയിക്കുന്നത് താളമാണ്. താളം കണക്കാണ്. 1, 2, 3 . ഈ കണക്കെന്നു പറയുന്നത് സയന്റിഫിക് ആണ്. സിനിമ കാണാൻ പോകുന്നുവെന്നു പറയുമ്പോൾ അത് ഒരു കലയെയല്ല, അത് ടെക്നിക്കൽ ആർട്ട് ആണ്. പണ്ട് കൂടിയാട്ടം കൂത്തമ്പലത്തിലാണ് നടത്തിയിരുന്നത്. കൂത്തമ്പലം എന്നു പറയുന്നത് സയൻസാണ്. നമ്മൾ പറയുന്നത് ആംപ്ലിഫൈ ചെയ്ത് താഴേക്ക് വരും. അതാണ് പിരമിഡിലുള്ളത്. പിരമിഡ് പോലെതന്നെയാണ് കൂത്തമ്പലവും. അന്നും സയൻസുണ്ട്. ഏതൊരു കലയിലും. രണ്ടിന്റെയും ഒരു കോമ്പിനേഷനാണ് വരുന്നത്.

കലാകാരൻ അന്വേഷിക്കുന്നത് എപ്പോഴും മനുഷ്യമനസ്സിന്റെ സത്യത്തെക്കുറിച്ചാണ്. ഉള്ളിലേക്കുള്ള ഒരു യാത്രയാണ്. ഒരു ശാസ്ത്രജ്ഞൻ സഞ്ചരിക്കുന്നത് അനന്തതയിലേക്കാണ്. മനുഷ്യമനസ്സിന്റെ ഉള്ളിൽ ഇരിക്കുന്നത് ദൈവം തന്നെയാണ്. അതിലേക്കുള്ള യാത്രയാണ് ഒരു കലാകാരൻ നടത്തുന്നത്.

ഓരോ തീരുമാനവും എടുക്കുന്നത് ദൈവമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനായിട്ടുള്ള തീരുമാനമല്ല. വളരെ ചെറുപ്പത്തിൽ ജോലി ഉപേക്ഷിച്ച ആളാണ് ഞാൻ. ജോലി ഉപേക്ഷിക്കുമ്പോൾ എന്റെ മക്കൾ കൊച്ചുകുട്ടികളാണ്. ഇതുവരെയും എങ്ങുനിന്നും യാത്രാപടിയോ മറ്റ് പ്രതിഫലമോ വങ്ങിച്ചിട്ടില്ല. ഇന്നും തുടർന്ന് പോകുന്നുണ്ട്. പ്രസംഗിക്കാൻ പോകുമ്പോഴും ഒന്നും വാങ്ങിക്കാറില്ല. ദൈവം എന്റെ കുഞ്ഞുങ്ങളെ നോക്കി. ഞാൻ കലയെന്നും നാടകമെന്നുമുള്ള ചിന്തയിലൂടെ നടന്നു. മക്കൾ രണ്ടുപേരും നല്ലനിലയിൽ എത്തി. മകൾ സിവിൽ സർവ്വീസ് പാസായി.

**കലയും ആത്മീയതയും**

കല കേവലം ഒരു കച്ചവട ചരക്കല്ല. അത് എല്ലാവർക്കും പറഞ്ഞിട്ടുള്ളതുമല്ല. ലഭിച്ചവർ ദൈവത്തിന്റെ ആജ്ഞപ്രകാരം അനുസരിക്കാൻ വിധിക്കപ്പെട്ടവരാണെന്നും, മറ്റുള്ളവർക്ക് നന്മ ചെയ്യുവാനായി നിന്നെ വേർതിരിക്കപ്പെട്ടിരിക്കുന്നുവെന്നും തിരിച്ചറിവുള്ളവരായിരിക്കണം. ഒരു കുഞ്ഞ് കരയുമ്പോൾ അമ്മ താരാട്ട് പാട്ട് പാടുന്നത് പൈസയ്ക്ക് വേണ്ടിയല്ല. അല്ലെങ്കിൽ അവൻ വലുതായി എനിക്കുവേണ്ടി എല്ലാം ചെയ്യുമെന്നുള്ള വ്യാമോഹവുമല്ല. അത് ആ കുഞ്ഞും അമ്മയും അവരുടെ ഉള്ളിലുള്ള ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ പരിസമാപ്തിയാണ്. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധം തന്നെയാണിത്. ഇതുതന്നെയാണ് കലാകാരനിൽ നിഴലിക്കുന്നതും. കുരിശിൽ നാം ദർശിക്കുന്ന ദൈവമനുഷ്യബന്ധം തന്നെയാണ് ആത്മീയതയും കലയും തമ്മിലുള്ളതെന്ന് ഞാൻ വിശ്വസിക്കുന്നു.

പുസ്തകപരിചയം

# അയ്യപ്പപ്പണിക്കരുടെ ‘പൗരബോധ’ ത്തെപ്പറ്റി



അയ്യപ്പപ്പണിക്കർ



ജിനു

**നി**രന്തരമായ നവീകരണത്തിലൂടെ മലയാള കവിതയെ ലോകശ്രദ്ധയിലേക്ക് നയിച്ച കവിയാണ് അയ്യപ്പപ്പണിക്കർ. 1960 ൽ ദേശബന്ധു വാരികയിൽ പ്രസിദ്ധീകരിച്ച അയ്യപ്പപ്പണിക്കരുടെ കുരുക്ഷേത്രം എന്ന കവിതയാണ് കവിതയിൽ ആധുനികതയ്ക്ക് തുടക്കം കുറിക്കുന്നത്. പാരമ്പര്യത്തിന്റെ വഴികളെ നിരാകരിച്ച്, സ്വതന്ത്രമായ കവിതയുടെ ഒരിടം മലയാളിക്ക് അദ്ദേഹം പരിചയപ്പെടുത്തുകയായിരുന്നു. അന്നുവരെ ആരും നടക്കാത്ത കവിതയുടെ വഴിയിലൂടെ അദ്ദേഹം നടന്നു. മലയാള കവിതയിൽ ആധുനികത അവതരിച്ചിട്ട് അര നൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. അറുപതുകളിൽ വിചിത്രവും വിസ്മയകരവും വിമർശനാർഹവുമായി തോന്നിച്ചിരുന്ന അതിന്റെ രീതികളും സ്വരങ്ങളും സമീപനങ്ങളും രചനാതന്ത്രങ്ങളും ഇന്ന് മലയാളകവിതയുടെ സ്വാഭാവിക പാരമ്പര്യത്തിന്റെ അംശങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. അന്ന് ഉപയോഗിക്കപ്പെട്ട മുക്തഛന്ദസ്സുകളും ഗദ്യരീതികളും നാടോടിമട്ടുകളും സർറിയലിസവും പുത്തൻബിംബങ്ങളും ശ്യാമനർമ്മവും ഐറണിയും സംഭാഷണസമ്പ്രദായങ്ങളും കഥപറച്ചിലും വാക്സംയോജനപ്പുതുമകളുമെല്ലാംതന്നെ. ഒരിക്കൽ കവിതയിൽ നിഷേധത്തിന്റെയും നവനിർമ്മാണത്തിന്റെയും ജ്വലിക്കുന്ന മുഖമായിരുന്നു ആധുനികത.

1988 ൽ അയ്യപ്പപ്പണിക്കർ എഴുതിയ ‘പൗരബോധം’ (കുമ്മികളി) വർഷങ്ങൾക്ക് ശേഷം ഇന്ന് വായിക്കുമ്പോഴും കാലികപ്രസക്തമായി നിലകൊള്ളുന്നു. ഒരു ഘട്ടത്തിന്റെ സംസ്കാരബോധവും അത് സമൂഹത്തിൽ വരുത്തിവയ്ക്കുന്ന ചലനങ്ങളും കവിതയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. പൊതുവെ ഈ ആധുനികതയിൽ മനുഷ്യന്റെ ഉള്ളിൽ ഉണ്ടായിട്ടുള്ള സാംസ്കാരിക ചിന്തയുടെ അടയാളപ്പെടുത്തലുകളാണ്. ഈ കവിതയുടെ അവതരണം നിലനിന്നിരുന്ന കാവ്യപാരമ്പര്യത്തിൽനിന്ന് മാറിനിൽക്കുന്നതാണ്. ഗദ്യത്തിന്റെ മറ്റൊരു തലം ഇതിൽ കണ്ടെത്താൻ കഴിയുന്നു. കഥാപാത്രങ്ങളുടെ പേരിലൂടെ അവതരിപ്പിക്കപ്പെട്ട ആശങ്കകൾ ചെന്നെത്തുന്നത് ഗൗരവമുള്ള വിഷയത്തിലാണ്.

സാംസ്കാരിക അടിയന്തിരാവസ്ഥ നടക്കുന്ന സമകാലീന സാഹചര്യത്തിൽ അഭിപ്രായ പ്രകടനങ്ങളുടെ തലയറക്കുന്ന കാലത്ത് നിന്ന് 1988 ൽ അയ്യപ്പപ്പണിക്കർ ഉന്നയിച്ച ആശങ്ക ഗൗരവമേറിയതാണ്.

*‘നമ്മൾക്ക് പോസ്റ്റർ വരയ്ക്കാനല്ലെങ്കിൽ നമ്മുടെയി*
*സ്കൂൾ ചുറ്റി വെൺമതിലെന്തിന്നാ അടു*
*കൂടെക്കൂടെ വെള്ളയടിക്കുമതെന്തിന്നാ?’*

ലഭ്യമായ ക്യാൻവാസിനെ സർഗ്ഗശേഷിയാൽ നിറയ്ക്കാനുള്ള ആഹ്വാനം കവിതയിലൂടെ അവതരിപ്പിക്കുമ്പോൾ അയ്യപ്പപ്പണിക്കർ സ്വാഭാവികമായ വളർച്ചയും ശേഷിപ്രകടനവും നടത്തുക തന്നെ വേണമെന്ന് ഓർമ്മപ്പെടുത്തുന്നു.

കൊല്ലം കോട്ടക്കലിൽ ഒരു ഗ്രന്ഥശാലയിൽ കവി കുരീപ്പുഴ ശ്രീകുമാർ നടത്തിയ പ്രസംഗത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരാധനാലയങ്ങളുടെ നേതൃത്വത്തിൽ പൊതുസ്ഥലങ്ങൾ കെട്ടിയടച്ച് സ്വന്തമാക്കിയത് ഉദാഹരണസഹിതം പറഞ്ഞു. ഇതിനിടയിൽ വടയമ്പാടി വിഷയവും പരാമർശിച്ചു. അശാന്തന്റെ മൃതദേഹം എറണാകുളം ദർബാർഹാളിൽ പൊതുദർശനത്തിന് വെക്കാൻ സമ്മതിക്കാതിരുന്നതിൽ വലതുപക്ഷ സംസ്കാരമുള്ളവർ വിജയിച്ചതാണ്

വടയമ്പാടിയിൽ പ്രശ്നം ഉണ്ടാക്കാൻ ആർ.എസ്.എസിന് കരുത്തായതെന്നും പറഞ്ഞു. ഗ്രന്ഥശാലയുടെ വാർഷികാഘോഷം നടക്കുന്ന പൊതു മൈതാനം വരും തലമുറയ്ക്ക് വേണ്ടി സംരക്ഷിക്കപ്പെടണമെന്ന് അദ്ദേഹം അന്ന് നടത്തിയ പ്രസംഗത്തിൽ സൂചിപ്പിച്ചു. മുകളിൽ പരാമർശിച്ച വിഷയത്തോട് ഏറെ സമാനത ഉള്ള വരികൾ/ ആശങ്കകൾ അയ്യപ്പപ്പണിക്കരുടെ പൗരബോധം എന്ന കവിതയിൽ കാണാൻ കഴിയുന്നു.



കുരീപ്പുഴ ശ്രീകുമാർ

*''നമ്മൾക്കു കൂടിനിന്ന് സെമിനാറിനല്ലെങ്കിൽ*
*നാല്ക്കവലയെന്തിനാ? നടുറോഡെന്തിനാ?''*

പൊതു ഇടങ്ങൾ ആർക്കും തീറെഴുതി കൊടുക്കാൻ ഉള്ളതല്ലെന്ന് കവിതയിൽ പറയുന്നു.

കവിതയിൽ സമൂഹത്തിലെ പലരാണ് സംസാരിക്കുന്നത്. മേരിക്കുട്ടി, അവറാച്ചൻ, പിള്ളേച്ചൻ, പി.പി. നാരായണൻ നായർ സാർ, അപ്പുക്കോയ, ഇട്ടുണ്ണി, പി.കെ. മാത്യൂസ്. എന്നാൽ കവിതയുടെ ഒടുവിൽ എത്തുമ്പോൾ കവിയുടെ സമൂഹത്തെക്കുറിച്ചുള്ള ഗൗരവമേറിയ ആശങ്ക ഉണരുന്നു.

*''തമ്മിൽത്തമ്മിലടിപ്പിച്ചു കൊള്ള*
*നടത്താനല്ലെങ്കിൽ*
*ഞങ്ങൾക്കും നിങ്ങൾക്കും മതമെന്തിനാ*
*നാട്ടുകാരേ കൂട്ടുകാരേ,*
*ഞങ്ങൾക്കും നിങ്ങൾക്കും ജാതിയെന്തിനാ?*
*ഞങ്ങൾക്കു ഞങ്ങളെന്തിനാ?''*

കവിയുടെ ഉള്ളിലുള്ള കണ്ടമാനദണ്ണത്തെ ആക്ഷേപഹാസ്യത്തിൽ പരിഹാസ ചുവയോടെ ചോദിക്കുമ്പോഴും കവിയുടെ ഉള്ളിലെ നെടുവീർപ്പിനെ നമുക്ക് കാണാനും വായിക്കാനും കഴിയുന്നു.

ജാതി, മതം, വർണ്ണം എന്നിവ മുന്നോട്ട് വെയ്ക്കുന്ന മനുഷ്യത്വത്തിന് പ്രതിരോധമായി നിൽക്കുന്ന യാഥാർത്ഥ്യങ്ങളെ സമൂഹത്തിൽ നിന്ന് അകറ്റി നിർത്തണമെന്ന് കണ്ടമാനം ആഗ്രഹിക്കുന്ന കവിയായി അയ്യപ്പപ്പണിക്കർ തന്റെ ഈ കവിതയിൽ തെളിഞ്ഞുനിൽക്കുന്നു.

ആധുനികത മുന്നോട്ടുവെച്ചത് സമൂഹത്തിനെക്കുറിച്ചുള്ള വലിയ ആശങ്കകൾതന്നെ ആയിരുന്നു. പിന്നെ എല്ലാ കെട്ടുപാടുകൾക്ക് ഇടയിൽ നിന്ന് കുതറി ഓടാനുള്ള വീർപ്പ്മുട്ടലും. പാരമ്പര്യം മുന്നോട്ട് വെച്ചതിനെയെല്ലാം ആധുനികത നിരാകരിച്ചു. നിരാകരണം 'പൗരബോധം' എന്ന കവിതയിൽ കാണാൻ കഴിയുന്നു.

ഒരേ സമയം ആധുനികതയുടെ ആശങ്കയും ആധുനികത സൃഷ്ടിച്ച സംസ്കാരത്തെ കുറിച്ചുള്ള ആശങ്കയും കവിതയിൽ നിഴലിക്കുന്നുണ്ട്. ഒരുപക്ഷെ അസ്വസ്ഥമായ സാഹചര്യത്തിൽ ആയിരുന്നതിനാലാണ് ഇത്തരം ആശങ്കകൾ ഉണ്ടാകുന്നത്.

കവിതയുടെ തുടക്കത്തിൽ
*''നമ്മൾക്ക് ചവറിടാനല്ലെങ്കിൽ*
*നമ്മുടെ*
*വീട്ടിന്റെ മുമ്പില് റോഡെന്തിനാ?''*

ഇത്തരമൊരു വരി ആധുനികകവിതയിൽ വരുന്നതിന് കാരണമുണ്ട്. പാശ്ചാത്യ സാഹിത്യത്തിന്റെ സ്വാധീനം മൂലം മലയാളസാഹിത്യ ലോകത്ത് വന്ന മാറ്റങ്ങളെ ആധുനിക സാഹിത്യമെന്നു വിവക്ഷിക്കുന്നത്. ഈ സ്വാധീനം എഴുത്തിൽ മാത്രമല്ല മനുഷ്യ സംസ്കാരത്തിലും ഉണ്ടായി. വലിച്ചെറിയൽ സംസ്കാരം, അല്ലെങ്കിൽ ചില നേരം അപരനെ പരിഗണിക്കാതിരിക്കൽ എല്ലാം ഇതിന്റെ ഭാഗമായി കൂടെ കൂടിയതാണ്. ഇതിനെക്കുറിച്ചെല്ലാം കവി ആശങ്കപ്പെടുന്നു. തുടർന്നുള്ള വരിയിൽ പറയുന്നു:

*''നമ്മൾക്കു തോന്നുമ്പം കേറിപ്പറിക്കാനല്ലെങ്കിൽ*
*അയലത്തെ വീട്ടിൽ പൂത്ത ചെടിയെന്തിനാ?''*

ആധുനികത മുന്നോട്ട് വെച്ച സംസ്കാരത്തിനെ കുറിച്ചുള്ള ആശങ്കകൾ ഈ കവിതയിൽ കാണാൻ കഴിയുന്നു.

അയ്യപ്പപ്പണിക്കരുടെ 'സംസ്കാരം' എന്ന കവിത ഇങ്ങനെയാണ്:

*''സംസ്കാരവിരോധികളെ നമ്മൾ തകർത്തു*
*പകരം*
*അവരുടെ ജോലി നമ്മൾ തന്നെ*
*കൂടുതൽ സമർത്ഥമായി ചെയ്തുവരുന്നു.''*

രണ്ട് കവിതയിലും ആധുനികത മുന്നോട്ട് വെച്ച സംസ്കാരത്തിനെ കുറിച്ചുള്ള കവിയുടെ സങ്കല്പങ്ങൾ അവതരിപ്പിക്കുന്നു.

'പൗരബോധ'ത്തിൽ പൊതുഇടങ്ങൾ സംരക്ഷിക്കപ്പെടണമെന്നും അതിനെതിരെ ചിന്തിക്കുന്നവരെ പരിഹാസഭാവത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. കവിതയുടെ പുരോഗമനം കഥാപാത്രങ്ങളുടെ അഭിപ്രായത്തിലൂടെയാണ് മുന്നോട്ട് പോകുന്നത്. ഇത് വ്യത്യസ്ഥമായ അവതരണത്തിന്റെ ഇടത്തെയാണ് വരച്ചിടുന്നത്.

ഉത്തരാധുനികത മലയാളത്തിൽ വേരുറയ്ക്കാൻ പോകുന്നെന്നും അതിന്റെ അനുരണനങ്ങൾ സാഹിത്യത്തിൽ കണ്ടുതുടങ്ങിയതിനു സാക്ഷ്യങ്ങളിതാ എന്നു പറഞ്ഞ് അവയെ അവതരിപ്പിച്ച കൂട്ടത്തിൽ അയ്യപ്പപ്പണിക്കരിൽ നിന്ന് ജനിച്ച കവിതയായി 'പൗരബോധത്തെ' കാണാൻ കഴിയുന്നു.

ആധുനികത ഉപരിപ്ലവമല്ല. മരണം വ്യർത്ഥമാക്കിയ ജീവിതത്തിനു നേരെ പുതിയ മനുഷ്യർ കൈക്കൊണ്ട ജീവിതവീക്ഷണമാണത്. നിഷേധികളുടെയും ക്ഷോഭിക്കുന്നവരുടെയും മൊഴിയാണ് ആധുനികത അല്ലെങ്കിൽ അയ്യപ്പപ്പണിക്കർ എന്ന കവി. ●

ചിത്രങ്ങൾ : ..................



# ഓശാന ഞായർ ശുശ്രൂഷ









# കാൽകഴുകൽ ശുശ്രൂഷ











**ദൈ**വം മനുഷ്യജീവിതത്തിൽ ഇടപെട്ട ഘട്ടംമുതൽ, മനുഷ്യന്റെ വീണ്ടെടുപ്പ്, അതിന്റെ പൂർണ്ണതയിൽ നിറവേറ്റുന്നതിന്റെ സൂചനകളാണല്ലോ ഉല്പത്തി മുതൽ വെളിപാടുവരെയുള്ള എഴുതപ്പെട്ട ഗ്രന്ഥങ്ങൾ. അതിന്റെ ശേഷമാണല്ലോ ദൈവം മനുഷ്യന് സ്വന്തശരീരവും രക്തവും ദൈവപുത്രനിലൂടെ നൽകി, അവന്റെ രക്ഷ പൂർത്തീകരിച്ചത്. ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടിയുണ്ട് എന്ന് കൊടുത്ത ഉറപ്പും. ദൈവിക വെളിപ്പെടുത്തലിന്റെ കേന്ദ്രഭാഗം, കർത്താവ് തന്റെ ശരീരവും രക്തവും മനുഷ്യന് ഭക്ഷിക്കാനും പാനം ചെയ്യാനും അവസരമൊരുക്കിയ പ്രവൃത്തിയുമാണ്. ദൈവമനുഷ്യ സംഗമത്തിന്റെ ശ്രേഷ്ഠാംഗം കാൽവരിയിൽ നിർവ്വഹിച്ച ഈ സ്വയം ദാനമാണ്. ഇത് മനുഷ്യന്റെ ദൈവപ്രാപ്തിയെ സംബന്ധിച്ച എല്ലാ പ്രതീക്ഷകളെയും അതിശയിപ്പിക്കുന്നതുമാകുന്നു. ഈ ദൈവാനുഭവം യോഹന്നാന്റെ വാക്കുകളിൽ 6-ാം അധ്യായത്തിൽ 35 മുതലുള്ള വചനങ്ങളിൽ വായിക്കാം.

മറ്റുമതങ്ങളിലെ ദൈവാനുഭവം പലപ്പോഴും വലിയ സിദ്ധന്മാർക്ക് മാത്രം ലഭ്യമായ 'അഹം ബ്രഹ്മാസ്മി, തത്വമസി' ഞാനും ദൈവമാകുന്നു അത് ഞാൻ തന്നെയാകുന്നു എന്നുവരെയും, ഈശ്വരാനുഭവത്തിലേക്കുയരുന്നു. ഇസ്ലാം മതത്തിന്റേത് കൂടുതൽ യഹൂദമതാനുഭവത്തോടും എ.ഡി. 7-ാം നൂറ്റാണ്ടിനു മുമ്പുള്ള ക്രൈസ്തവ ദർശനത്തോടും ചേർന്നു നിൽക്കുന്നു. ബുദ്ധമതത്തിലേക്കും ജൈനമതത്തിലേക്കും കടക്കുന്നില്ല. ക്രിസ്തുമതത്തിന്റേത് ദൈവവുമായി, ക്രിസ്തുവിലൂടെ ഒരു 'ശാരീരിക' ബന്ധത്തോളമെത്തുന്നു. മനുഷ്യാവതാരത്തിന്റെ സമഗ്രാനുഭവം. ഇത് യോഹന്നാന്റെ പാഠം ചർച്ച ചെയ്യുമ്പോൾ വിശദമാക്കാം.



**റവ.ഫാ. ചെറിയാൻ രാമനാലിൽ കോർഎപ്പിസ്കോപ്പാ**



# വിശുദ്ധ കുർബാനയിലൂടെ മനുഷ്യരക്ഷ കർത്താവ് പൂർത്തിയാക്കുന്നു

**വി.യോഹ. 6/35 മുതലുള്ള വാക്യങ്ങളെപ്പറ്റി വിചിന്തനം**

**രക്ഷാകര അനുഭവം യോഹന്നാനിൽ, മറ്റു സുവിശേഷകരിൽ**

വി. ലൂക്കോസൊഴികെ മറ്റു സുവിശേഷകർ, തങ്ങൾ പ്രസംഗിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്ത കാര്യങ്ങൾ, സഭയ്ക്കുവേണ്ടി പലപ്പോഴായി എഴുതിയവയാണ്. യോഹന്നാനാകട്ടെ, പിന്നെയും വർഷങ്ങൾക്കുശേഷം, പത്മോസ് ദ്വീപിൽ വച്ച്, തന്റെ സന്ദേശങ്ങൾ പൂർത്തിയാക്കി. താൻ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്ത കാര്യങ്ങൾ, സ്വന്തമായ ശൈലിയിൽ അവതരിപ്പിച്ചു. യോഹന്നാൻ 1/1-18 വരെയുള്ള അവതരണത്തിൽ എല്ലാത്തിന്റെയും സാരാംശം ചേർത്തെഴുതി. ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവമായിരുന്നു...വചനം മാംസമായി (യോഹ1/14) മറ്റു സുവിശേഷകർ സംഭവങ്ങളെ അവരുടെ സ്ഥലകാലങ്ങളുമായി ബന്ധിപ്പിച്ചപ്പോൾ യോഹന്നാൻ കർത്താവിന്റെ മുഖ്യപ്രബോധനങ്ങൾ സ്ഥലകാലബന്ധത്തിനപ്പുറത്ത് പകർന്നുതന്നു.

ലൂക്കോസ് സുവിശേഷകൻ തന്റെ 1-ാം അധ്യായത്തിൽ 2-ാം വാക്യം മുതൽ ''സൂക്ഷ്മമായി പരിശോധിച്ച ശേഷം ക്രമമായി എഴുതുന്നതായി പറയുന്നു. മനുഷ്യന് ലഭ്യമാകേണ്ട വെളിപ്പെടുത്തലുകൾ ഈ 4 സുവിശേഷകരിലൂടെയും ദൈവം നമുക്കു നൽകി. 3 സുവിശേഷകരും പെസഹാ സംഭവം, വിശദമായി രേഖപ്പെടുത്തുമ്പോൾ, യോഹന്നാൻ, കർത്താവ് പാദങ്ങൾ കഴുകുന്നതും യൂദായ്ക്ക് അപ്പം മുറിച്ചുനൽകുന്നതും യൂദാ പുറത്തേക്ക് പോകുന്നതും രേഖപ്പെടുത്തിയ ശേഷം (യോഹ. 13/26,27) മറ്റു ശിഷ്യന്മാർ രേഖപ്പെടുത്താത്ത ശ്രദ്ധേയമായ പാഠങ്ങൾ അധ്യായം 14,15,16,17 ഭാഗങ്ങളിൽ എഴുതി ചേർത്തു. പിന്നീട് പീഡാനുഭവത്തിന്റെ ദൃക്സാക്ഷിവിവരണം യോഹന്നാൻ നൽകുന്നു.

പെസഹായിലും പീഡാനുഭവത്തിലും സംഭവിക്കാനിരിക്കുന്നവയായ ഒരു മുൻകൂർ പ്രബോധനം 6-ാം അധ്യായത്തിൽ നൽകുന്നു. അതിന്റെ ശ്രവണത്തിൽ ശിഷ്യന്മാർ പലരും തന്നെ വിട്ടുപോകുന്നു. പുരോഹിതന്മാർക്ക് നല്ലൊരു ഷോക്ക് കൊടുക്കുകയും ചെയ്യുന്നു. 5-ാം അധ്യായത്തിൽ, പിതാവുമായുള്ള തന്റെ ഗാഢബന്ധം ഉറപ്പിക്കുമ്പോൾ, പിതാവ് തന്നിൽ വിശ്വസിക്കുന്നവർക്ക് വേണ്ടി പുത്രനിലൂടെ നിറവേറ്റാനിരിക്കുന്ന കാര്യങ്ങൾ മുൻകൂറായി പഠിപ്പിക്കുന്നു.

**എന്റെ ശരീരം യഥാർത്ഥ ഭക്ഷണം, എന്റെ രക്തം യഥാർത്ഥ പാനീയം (യോഹ. 6/55)**

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ഇത് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും (വാക്യം 58) മറ്റു ശിഷ്യന്മാർ പതറി അവനെ വിട്ടുപോയപ്പോൾ വി. പത്രോസ് ഉൾപ്പെടെ 12 പേർ അവനോട് ചേർന്ന് നിന്നു. പത്രോസ് പറഞ്ഞു ''ഞാൻ ആരുടെയടുത്തേക്ക് പോകും. നിത്യജീവന്റെ വചസ്സുകൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ'' (യോഹ. 6/68,69) പത്രോസ് കർത്താവിന്റെ ദൈവത്വം ഏറ്റുപറഞ്ഞശേഷം, പെസഹാസംഭവത്തിൽ കർത്താവ് അപ്പവും വീഞ്ഞുമെടുത്ത്, ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു എന്ന് പറഞ്ഞ് ശിഷ്യന്മാർക്ക് നല്കിയപ്പോൾ, യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങൾ അവരുടെ ഓർമ്മയിൽ വന്നിട്ടുണ്ടാവും. ശരീരം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക എന്നത് ഇത് മുൻനിർത്തിയാണല്ലോ അവൻ സംസാരിച്ചതെന്ന്.

എന്നാൽ നവീകരണ സമൂഹങ്ങൾ പിന്നീട്, കർത്താവ് ചെയ്തവ, പറഞ്ഞവ, കേവലം സൂചകാർത്ഥത്തിൽ എടുത്താൽ മതി, അതിന്റെ തനി പൊരുളിലെടുക്കേണ്ട, എന്ന് പഠിപ്പിച്ച പിരിഞ്ഞുപോയപ്പോൾ, യേശുവിനെ വിട്ടുപോയ ശിഷ്യന്മാർക്കുണ്ടായ നഷ്ടമാണുണ്ടായത്. നവീകരണ സമൂഹങ്ങൾക്ക് യേശുതമ്പുരാന്റെ കൗദാശിക സാന്നിധ്യം നഷ്ടമായി. മാനവരക്ഷ, വ്യക്തിപരമായ രക്ഷയൊക്കെ ആധുനിക മനുഷ്യനിലെത്തിക്കാൻ ശ്രമിച്ച, പെന്തക്കോസ്തു സമൂഹങ്ങൾക്കും, കർത്താവിന്റെ വചനത്തിന്റെ സമഗ്രത നഷ്ടമായി. പെസഹാസംഭവവും, കുരിശുമരണവും മാറ്റിനിർത്തി, മുറിക്കപ്പെട്ട തിരുശരീരരക്തങ്ങളുടെ അസാന്നിധ്യത്തിൽ, രക്ഷ അതിന്റെ സമഗ്രതയിൽ പകരാൻ സാധിക്കില്ലെന്ന് കാലം തെളിയിച്ചുകഴിഞ്ഞു. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടേതുപോലെ, വചനം കേട്ട് ഹൃദയം ഉജ്ജ്വലിച്ചെങ്കിലും, കർത്താവിനെ തിരിച്ചറിയാൻ സാധിച്ചില്ല. അവൻ വീട്ടിലെത്തി ഭക്ഷണത്തിനിരുന്ന് അപ്പം മുറിച്ചു നൽകിയപ്പോഴാണ് കർത്താവിനെ തിരിച്ചറിഞ്ഞത് (ലൂക്ക 24/30,31,32)

**ശരീരരക്തങ്ങൾ ഭക്ഷിക്കുക, പാനം ചെയ്യുക, പീഡാനുഭവത്തിൽ പൂർത്തിയാക്കുന്നു**

തിരുശരീരരക്തങ്ങളെപ്പറ്റി കർത്താവ് പറഞ്ഞതും പത്രോസ് ഏറ്റുപറഞ്ഞതും, പെസഹായാൽ അവന്റെ കരങ്ങളിൽനിന്നു വാങ്ങി ഭക്ഷിക്കുകയും ചെയ്തപ്പോഴും ഇതെങ്ങനെയാണ് കർത്താവിന്റെ ശരീരമായി

തീരുകയെന്ന ചിന്ത അപ്പസ്തോലന്മാരുടെ മനസ്സിൽ അവശേഷിച്ചിട്ടുണ്ടാവും. എന്നാൽ പീഡാനുഭവ സംഭവങ്ങളിലൂടെ കടന്നുപോയപ്പോൾ ഏറ്റവും അവസാനം, കുരിശിൽ എല്ലാം നിറവേറ്റി മരിച്ചു. കുന്തംകൊണ്ടുള്ള അവസാനത്തെ തുള്ളി രക്തം ചോർത്തലും കഴിഞ്ഞപ്പോൾ എല്ലാം നിറവേറി എന്ന് പറഞ്ഞ്, തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കരങ്ങളിൽ ഭരമേല്പിച്ചപ്പോൾ, തന്റെ ശരീരം ഭക്ഷിക്കുക. രക്തം പാനം ചെയ്യുക എന്നതിന്റെ പൊരുൾ ശിഷ്യന്മാർക്കു വെളിപ്പെട്ടു. ഒന്നും മിച്ചംവയ്ക്കുവാൻ ശേഷിപ്പിക്കാതെ തന്നെത്തന്നെ മനുഷ്യർക്ക് വേണ്ടി പിതാവിന് സമർപ്പിച്ചപ്പോൾ ആ ആത്മാർപ്പണത്തിൽ പങ്കാളിയാവുകയെന്നതാണ് യോഹന്നാൻ കർത്താവിന്റെ വചനത്തിലൂടെ വെളിവാക്കാൻ ശ്രമിച്ചത് (യോഹ. 6/37).

**വി. കുർബാനയിലൂടെ തുടരുന്നു**

ഈ രക്ഷാകര സംഭവം കർത്താവ് രണ്ടാമതു വരുന്നതു വരെയും രക്ഷിതരെ തന്നോടു കൂട്ടിച്ചേർത്ത് പിതാവിന്റെ സന്നിധിയിലേക്കാനയിക്കുന്നതുവരെ, സകല തലമുറകൾക്കും ലഭ്യമാകുന്ന ക്രമീകരണമാണ് അപ്പവീഞ്ഞുകളിലൂടെ വി. കുർബാനയിൽ അനുഷ്ഠിക്കപ്പെടുന്നത്. ഞായറാഴ്ച കഷ്ടി, പള്ളിയിലൊന്ന് എത്തുക, വി. കുർബാന പകുതി കഴിയുമ്പോൾ, ഒന്നു തലകാണിച്ച് ഞായറാഴ്ചക്കടം വീട്ടുന്നു. (അങ്ങോട്ട് മുഖം തിരിക്കാത്ത ക്രൈസ്തവ നാമധാരികൾ വേറെ) ക്രിസ്തീയാത്മീയതയല്ല വേണ്ടത് മറിച്ച് ഒരുക്കത്തോടുകൂടി കർത്താവേശുമിശിഹായുടെ തിരുശരീരരക്തങ്ങളിൽ, വചന ശ്രവണത്തോടുകൂടി പങ്കു ചേരുകയും, ആത്മീയമായി, ക്രിസ്തുവിലേക്ക് രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്ന യേശുബന്ധമാണ് നമ്മുടേത്. യേശു നമ്മിൽ തന്റെ പരിശുദ്ധാത്മാവിലൂടെ വസിക്കുകയും, നാം അവനിൽ ആയിരിക്കുകയും ചെയ്യുന്ന ഒരു നിരന്തര ദൈവാനുഭവമാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. വി. കുർബാനയുടെ പ്രാർത്ഥനകൾ ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും വായിച്ച് ധ്യാനിക്കുകയും ചെയ്താൽ നമുക്ക് ഇത് കൂടുതൽ ബോധ്യമാകും. വി.കുർബാന പടിഞ്ഞാറോട്ട് എടുക്കുമ്പോൾ വൈദികൻ ചെയ്യുന്ന 4 പ്രാർത്ഥനകൾ അതീവ ശ്രദ്ധേയമാണ്. വി. യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായം പ്രത്യേകിച്ചു 35 മുതലുള്ള വാക്യങ്ങൾ വീണ്ടും വായിക്കാം. അടുത്ത് വന്നവരെ കർത്താവ് തിരുത്താൻ ശ്രമിക്കുന്നത് ''അപ്പം തിന്ന് തൃപ്തരായതുകൊണ്ടല്ലേ നിങ്ങൾ വീണ്ടുമെന്നെ അന്വേഷിച്ചത്'' എന്ന കാര്യസാധ്യത്തിന്റെ ആത്മീയതയ്ക്കപ്പുറത്ത്, കുടുംബസ്ഥനോ, യുവാവോ, ബാലികയോ, സന്യാസിയോ, വൈദികനോ ആരുമാകട്ടെ, കാരുണ്യത്തിന്റെ ആത്മീയതയല്ല, മരിക്കുവോളമുള്ള ദൈവിക കൂട്ടായ്മയാൽ 6-ാം അധ്യായത്തിൽ പത്രോസ് ഏറ്റുപറഞ്ഞ യേശുബന്ധത്തിൽ നമുക്ക് വളരാം. പ്രാർത്ഥനാപൂർവ്വമുള്ള വചനധ്യാനം മുഖേന യേശുഅനുഭവത്തിൽ വളർന്ന് വിശുദ്ധീകരിക്കപ്പെടാം. തിരുശരീരരക്തങ്ങളിൽ പങ്കുചേർന്ന് വിശുദ്ധീകരിക്കപ്പെടാം.



കുമളി മേഖലാ എം.സി.എ. സംഗമത്തിൽ വച്ച് വിദ്യാഭ്യാസ സ്കോളർഷിപ്പ് വന്ദ്യ ചാക്കോ നരിമറ്റം കോർഎപ്പിസ്കോപ്പ വിതരണം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോജി വിഴലിൽ, മേഖലാ പ്രസിഡന്റ് ജോസഫ് ജോർജ്ജ്, മേഖലാ സെക്രട്ടറി ഫിലിപ്പോസ്, കട്ടപ്പന മേഖലാ പ്രസിഡന്റ് തോമസ് മുല്ലക്കൽ എന്നിവർ പങ്കെടുത്തു.


ജൂനിയർ
മോസസ്
SAMEEKSHA
CATECHISM
Thiruvalla
കുട്ടികളുടെ കൂട്ടുകാരൻ
മോസ്സസ് തന്റെ മന്ത്രമോതിരത്താൽ ഒരു സൂത്രം ഒപ്പിച്ചു
ത്രിത്വത്തിന്റെ ശക്തിയാലേ...
നല്ല രുചിയുള്ള ഐസ്ക്രീം വേണോ കുട്ടികളേ ...
നിങ്ങൾക്കായി ഞാൻ ഏറ്റവും രുചിയുള്ളത് മാറ്റി വെച്ചിരിക്കുകയായിരുന്നു.
പെട്ടന്ന് അത് സംഭവിച്ചു
അയ്യോ....
ലഹരി നിറച്ച ഐസ്ക്രീം വിഷമുള്ള പാമ്പുകളായി മാറി....
തുടരും..







# ഇന്റർനെറ്റ് തട്ടിപ്പിന് നിങ്ങൾ ഇരയായോ

**സാ**ധാരണയായി, നിങ്ങളുടെ പണം അല്ലെങ്കിൽ ഐഡന്റിറ്റി മോഷ്ടിക്കാൻ ആഗ്രഹിക്കുന്ന വഞ്ചകരാണ് തട്ടിപ്പിനു വേണ്ടിയുള്ള ഇ-മെയിലുകളും ടെക്സ്റ്റുകളും പോസ്റ്റുകളും അയക്കുന്നത്. ഒരുപാട് ആളുകൾ ഇതു മൂലം വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ ഈ കെണിയിൽ വീഴുന്നില്ലെന്ന് ഉറപ്പാക്കുക.

ഫിഷിംഗ് ഇ-മെയിലുകൾ, സ്മിഷൻടെക്സ്റ്റുകൾ, സോഷ്യൽമീഡിയ പോസ്റ്റുകൾ ടാഗ് ചെയ്യൽ എന്നിവയിൽ നിന്ന് നിങ്ങളെ സ്വയം പരിരക്ഷിക്കാൻ സഹായിക്കുന്ന ലളിതമായ നുറുങ്ങുകൾ ഇതിൽ പങ്കുവയ്ക്കാം.

**ഫിഷിംഗിനെതിരെ സ്വയം പരിരക്ഷിക്കാനുള്ള മികച്ച നുറുങ്ങുകൾ :**

ഉപയോക്തൃനാമങ്ങൾ, പാസ്വേഡുകൾ, പിൻ, ഓർമ്മയുള്ള പദങ്ങൾ അല്ലെങ്കിൽ ഐഡി നമ്പറുകൾ എന്നിവയുൾപ്പെടെ വ്യക്തിപരമോ സാമ്പത്തികപരമോ ആയ വിവരങ്ങൾ വെളിപ്പെടുത്തരുത്.

നിങ്ങൾക്കറിയുന്ന ഒരു ഓർഗനൈസേഷനോ വ്യക്തിയോ വഴി അയയ്ക്കുന്നതുപോലെ, അയയ്ക്കുന്നയാളുടെ ഇ-മെയിൽ വിലാസങ്ങൾ പ്രൂഫു ചെയ്യാൻ കഴിയുമെന്ന് ബോധ്യപ്പെടുക. നിങ്ങൾ മൗസെടുക്കുമ്പോൾ / സ്പർശിക്കുമ്പാൾ ഈ വ്യാജ മെയിൽ വിലാസങ്ങൾ പോലും ആധികാരികമാണെന്ന് ദൃശ്യമാകും.

എല്ലായ്പ്പോഴും ഇന്റർനെറ്റ് സുരക്ഷ സോഫ്റ്റ്വെയർലോഡ് ചെയ്തു, നിങ്ങളുടെ കമ്പ്യൂട്ടറിൽ ഉപയോഗിക്കുക. എല്ലാ മൊബൈലുകളിലും കമ്പ്യൂട്ടറുകളിലും സുരക്ഷ ആപ്ലിക്കേഷനുകൾ ഡൗൺലോഡു ചെയ്യുക.

പേയ്മെന്റ് കാർഡ് അല്ലെങ്കിൽ മറ്റ് രഹസ്യാത്മക വിവരങ്ങൾ നിങ്ങൾ യഥോചിതം നൽകിയിരിക്കുന്ന ആളുകളോ ഓർഗനൈസേഷനുകളോ ആണെന്ന് ഉറപ്പുവരുത്തുക. തുടർന്ന് ഒരിക്കലും പാസ്വേഡുകൾ വെളിപ്പെടുത്തരുത്.

ഇ-മെയിൽ, എസ്.എം.എസ്. സന്ദേശം അല്ലെങ്കിൽ ഫോൺകോൾ വഴി ഒരു യഥാർത്ഥ ബാങ്ക് അല്ലെങ്കിൽ മറ്റ് സ്ഥാപനം ഒരിക്കലും നിങ്ങളുടെ പാസ്വേഡ് ചോദിക്കില്ല.

അജ്ഞാത ഉറവിടങ്ങളിൽ നിന്നുള്ള ഇ-മെയിലുകൾ, ടെക്സറ്റുകൾ, പോസ്റ്റുകൾ/ ട്വീറ്റുകൾ എന്നിവയിലെ ലിങ്കുകളിൽ പെട്ടെന്ന് ക്ലിക്ക് ചെയ്യാതിരിക്കുക, ഇത് വൈറസുകളിലേക്കോ രഹസ്യാത്മക വിവരങ്ങൾ വിട്ടുവീഴ്ച ചെയ്യാനോ ഇടയാക്കും.

അജ്ഞാത ഉറവിടങ്ങളിൽ നിന്ന് ഇ-മെയിൽ അറ്റാച്ചുമെന്റുകൾ തുറക്കരുത്, അവ നിങ്ങളുടെ ഉപകരണത്തിൽ റാൻസംവെയർ, സ്പൈവെയർ അല്ലെങ്കിൽ മറ്റ് മാൽവെയർ എന്നിവയ്ക്ക് ഇരയാക്കപ്പെടും.

ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ ഉൾപ്പെടെ ആവശ്യപ്പെടുമ്പോൾ സോഫ്റ്റ്വെയറുകളും ആപ്ലിക്കേഷനുകളും അപ്ഡേറ്റ് ചെയ്യുക.

ഇവ മാൽവെയറിനെതിരെ ഗാർഡു ചെയ്യാനാകുന്ന സുരക്ഷാഅപ്ഡേറ്റുകൾ ഉൾപ്പെടുന്നു. ഇത്രയും ഒക്കെ സൂക്ഷിച്ചാൽ സാധാരണ ഇന്റർനെറ്റ് തട്ടിപ്പുകളിൽ നിന്ന് നമുക്ക് സുരക്ഷിതരായിരിക്കാം.

●




# കുട്ടികൾക്കുള്ള കഥകൾ

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



## പാരസെറ്റമോൾ

**ഒ**ന്നാം ക്ലാസ്സിൽ പഠിക്കുന്ന ഉണ്ണിക്കുട്ടന് രാത്രിയിൽ വല്ലാത്ത പനിയും തലവേദനയും വന്നു. അവന്റെ അമ്മ, മരുന്ന് വയ്ക്കുന്ന അലമാരിയിൽ 'പാരസെറ്റമോൾ സിറപ്പ്' തപ്പി നോക്കി. പാരസെറ്റമോൾ സിറപ്പ് തീർന്നു പോയിരുന്നു. പാരസെറ്റമോൾ ഗുളിക (500) ഇരിപ്പുണ്ടായിരുന്നു. അവർ അതിൽ നിന്നും ഒരു ഗുളിക എടുത്ത് രണ്ടായി മുറിച്ചു. പകുതി ഗുളിക അവൻ അറിയാതെ അവനെക്കൊണ്ട് കഴിപ്പിക്കാൻ അവർ ഒരു സൂത്രം പ്രയോഗിച്ചു.



ഉണ്ണിക്കുട്ടന് വാഴപ്പഴം വലിയ ഇഷ്ടം ആണ്. അവന്റെ അമ്മ അവന് അറിയാതെ ഒരു വാഴപ്പഴം എടുത്തു. അവർ അതിന്റെ തൊലി സൂക്ഷിച്ചു പൊളിച്ചു. എന്നിട്ട്, അര ഗുളിക ആ പഴത്തിന്റെ ഉള്ളിലേക്ക് തള്ളിക്കയറ്റി. തൊലി തിരികെ വച്ചിട്ട്, ഒന്നും അറിയാത്തപോലെ, പഴം ഉണ്ണിക്കുട്ടന് കഴിക്കാൻ കൊടുത്തു. അല്പനേരം കഴിഞ്ഞ് അമ്മ അവനോടു ചോദിച്ചു, ''ഉണ്ണീ, പഴം എങ്ങിനെയുണ്ടായിരുന്നു?'' ഉണ്ണിക്കുട്ടൻ പറഞ്ഞു, ''പഴം നന്നായിരുന്നു; പക്ഷേ അതിന്റെ കുരുവിന് വലിയ കയ്പ് ആയിരുന്നു. ഞാൻ ആ കുരു തുപ്പിക്കളഞ്ഞു. എന്നിട്ട് പഴം മാത്രം തിന്നു.''

മഹാനായ ഏബ്രഹാം ലിങ്കൺ ഒരിക്കൽ പറഞ്ഞു, ''നിങ്ങൾക്ക് ചില സമയത്ത് എല്ലാവരെയും പറ്റിക്കാൻ പറ്റും; ചിലരെ എല്ലായ്പ്പോഴും പറ്റിക്കാൻ പറ്റും. പക്ഷേ എല്ലാവരെയും എല്ലായ്പ്പോഴും പറ്റിക്കാൻ പറ്റുകയില്ല.''

## കരുണ നിറഞ്ഞ കരങ്ങൾ

**ഒ**രു ദിവസം, സ്കൂളിൽ നിന്നും വീട്ടിലെത്തിയ ബാബുമോൻ, അവന്റെ അമ്മയോട് പറഞ്ഞു, 'അമ്മേ, നാളെ സ്കൂളിൽ രക്ഷകർത്താക്കളുടെ ഒരു മീറ്റിംഗ് ഉണ്ട്. പക്ഷേ അതിനായി അമ്മ സ്കൂളിലേക്ക് വരേണ്ട. കാരണം, അമ്മയുടെ കൈകൾ കാണാൻ ഒരു ഭംഗിയുമില്ല. അത് കണ്ടാൽ എന്റെ കൂട്ടുകാർ എന്നെ കളിയാക്കും.

മകന്റെ വാക്കുകൾ കേട്ട അമ്മയുടെ കണ്ണുകൾ നിറഞ്ഞു. അവൾ പറഞ്ഞു, 'മോനേ എന്റെ കൈകൾ വളരെ വികൃതമാണ്. ശരിയാണ്. പക്ഷേ, ഒരിക്കൽ നിന്റെ കൈകൾ പോലെ തന്നെ അവയ്ക്കും നല്ല ഭംഗി ഉണ്ടായിരുന്നു.' തുടർന്ന്, ആ അമ്മ അതുവരെ അവനോട് പറയാതിരുന്ന ആ രഹസ്യം അവനോട് പറഞ്ഞു.

ബാബുമോൻ തീരെ ചെറിയ കുഞ്ഞായിരുന്നപ്പോൾ ഒരിക്കൽ അമ്മ അവനെ തൊട്ടിലിൽ കിടത്തി ഉറക്കിയ ശേഷം അടുത്തുള്ള കട വരെ പോയി. പെട്ടെന്ന് ആ വീട്ടിൽ ഒരു വലിയ തീപിടിത്തം ഉണ്ടായി. തീ പടരുന്നത് കണ്ട അമ്മ, 'അയ്യോ എന്റെ മോൻ വീടിനകത്ത് ഉണ്ടേ' എന്ന് നിലവിളിച്ചുകൊണ്ട് ഓടിയെത്തി. അയൽക്കാർ നിസഹായരായി നോക്കി നിന്നപ്പോൾ, ഉയരുന്ന തീനാളങ്ങൾക്കിടയിലൂടെ ആ അമ്മ വീടിനുള്ളിലേക്ക് പാഞ്ഞു കയറി. കുഞ്ഞിന്റെ ചുറ്റും ഉയർന്ന തീ, സ്വന്തം കൈകൾ കൊണ്ട് അവർ തല്ലിക്കെടുത്തി. കുഞ്ഞിനെ നെഞ്ചോട് ചേർത്ത് പിടിച്ചുകൊണ്ട്, തീജ്ജ്വാലകൾക്കിടയിലൂടെ അമ്മ പുറത്തുവന്നു. കുഞ്ഞിന് ഒരു പരുക്കും പറ്റിയില്ല. പക്ഷേ അമ്മയുടെ ദേഹം മുഴുവൻ കഠിനമായ പൊള്ളൽ ഏറ്റു. നാട്ടുകാർ ഉടനെ അവരെ ആശുപത്രിയിലേക്ക് മാറ്റി. മാസങ്ങൾ നീണ്ട, വേദന നിറഞ്ഞ ചികിത്സയ്ക്കുശേഷം അമ്മയുടെ ദേഹത്തെ വൃണങ്ങൾ കരിഞ്ഞു. പക്ഷേ അവരുടെ കൈകൾ രണ്ടും കത്തിക്കരിഞ്ഞതുപോലെ വളരെ വികൃതമായിത്തീർന്നു.



പൊട്ടിക്കരഞ്ഞുകൊണ്ട് അമ്മയെ കെട്ടിപ്പിടിച്ച അവൻ അമ്മയോടു പറഞ്ഞു, 'അമ്മേ, ലോകത്തിലെ ഏറ്റവും ഭംഗിയുള്ള കൈകൾ അമ്മയുടേതാണ്. എന്നാൽ അത് മനസിലാക്കാൻ എനിക്ക് കഴിഞ്ഞില്ല. എന്നോട് ക്ഷമിക്കണമേ.'

# ദൈവപരിപാലനയുടെ നടുവിൽ റോസമ്മ...



**പൊ**തുവേ ആനകളെ പേടിയായിരുന്ന റോസമ്മയ്ക്ക്, ഇപ്പോ ആനകളെ പേടിയില്ല. രസം അതല്ല, ഈ പേടി മാറ്റിയത് ഒരു ആന തന്നെയാണ്. ഒരു ഭീമൻ കാട്ടാന.

സംഭവം വിവരിക്കുന്നത് ഇങ്ങനെ :

ഡോ. സഖറിയാസ് മാർ തിയോഫിലോസിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാനായി തിരുവല്ലയിൽ നിന്നു കുടുംബാംഗങ്ങളായ 5 പേർ കോയമ്പത്തൂരിലേക്ക് യാത്ര തിരിച്ചു. പുലർച്ചെ 4 മണിയോടെ കോയമ്പത്തൂരിലെത്തിയ അവർ തിരുമേനിയുടെ ഭൗതികശരീരം കണ്ടതിന് ശേഷം പ്രാഥമിക കാര്യങ്ങൾക്കായി വെളിയിൽ ഇറങ്ങി. ദൂരെനിന്ന് വരുന്നവർക്ക് താമസസൗകര്യം ഒരുക്കിയിരിക്കുന്നത് ദൂരെ ഒരു ആശുപത്രിയിലായതിനാൽ റോസമ്മയും കൂട്ടരും അവിടേക്ക് നടക്കാനാരംഭിച്ചു. എന്നാൽ പെട്ടെന്ന് ആരോ ഒരാൾ വിളിച്ച് കൂവാൻ തുടങ്ങി 'ആന, ആന' എന്ന്. എന്നാൽ ഏതോ ഉത്സവത്തിന് കൊണ്ടുപോയ ആനയെ തിരികെ കൊണ്ടുവരികയാണെന്ന ഉദ്ദേശ്യത്താൽ 5 അംഗ സംഘം മുമ്പോട്ട് നടന്നു. പക്ഷേ, കാര്യങ്ങൾ മാറിമറിഞ്ഞത് പെട്ടെന്നായിരുന്നു. എഴുന്നള്ളത്തിന് കൊണ്ടുപോയ ആനയല്ല, പകരം

കാട്ടാനയാണ് പാഞ്ഞ് വരുന്നതെന്ന് അവർ മനസ്സിലാക്കി യപ്പോഴേക്കും സമയം ഒത്തിരി വൈകി. ഒരു കാട്ടാനകുടുംബം 5 അംഗസംഘ ത്തിന് നേരെ പാഞ്ഞടുത്തു. കൊമ്പനായിരുന്നു ഇവർക്ക് നേരേ കൊമ്പും ഉയർത്തി തുമ്പി ക്കൈയ്യും വീശി വന്നത്. ആ വരവ് കണ്ടാൽ നമ്മൾ പോലും ഹൃദയം പൊട്ടി മരിക്കും. ഒരു ഇടവഴിയിലായതിനാൽ ഓടി രക്ഷപ്പെടാനും സ്ഥലമില്ല. കൂട്ടത്തിൽ 2 പേർ ഇരുവശങ്ങളിലേക്ക് കുതറിമാറി. അവർ തന്നെ ഈ സംഭവത്തിന് ദൃക് സാക്ഷികളും. റോസമ്മയുൾപ്പെടെ 3 പേർ ആ നിലത്ത് തന്നെ വീണു. കൊമ്പന്റെ കാലടിയിൽ റോസമ്മ പെട്ടു. ഇതെല്ലാം കണ്ട് പിടിയാനയും കുട്ടിയാനയും. പിന്നീട് നടന്നതിനേപ്പറ്റി റോസമ്മ യുടെ വാക്കുകൾ ''സത്യം പറഞ്ഞാൽ എന്താണ് സംഭവിക്കുന്നതെന്ന് എനിക്ക് അറിഞ്ഞു കൂടാ യിരുന്നു. നാട്ടാനയെ കാണുമ്പോൾ പേടിക്കുന്ന ഞാൻ കാട്ടാനയുടെ കീഴിൽ കിടന്നപ്പോൾ പേടിച്ചതേയില്ല. ഒന്നു മറിയാതെ ഞാൻ കമിഴ്ന്നു കിടക്കുകയായിരുന്നു. ആന കാലുകൊണ്ട് തൊടുന്നത് പല പ്രാവശ്യം ഞാൻ അറിഞ്ഞു. പ്രാണഭയത്താൽ എനിക്ക് ശ്വാസമെടുക്കാൻ പോലും കഴിഞ്ഞില്ല''. ഇത്രത്തോളം സംഭവിച്ച പ്പോഴും റോസമ്മ ഭയന്നില്ല. ആന അടുത്തുണ്ടോ യെന്നറിയാൻ തലയുയർത്തി നോക്കി എന്നു റോസമ്മ പറഞ്ഞു. പിന്നീട് റോസമ്മയോട് ചിലർ പറഞ്ഞുവത്രെ ''തലയുയർത്തുന്നത് ആന കണ്ടി രുന്നുവെങ്കിൽ തീർച്ചയായും ആന തലക്കിട്ട് ചവിട്ടിയേനെ''യെന്ന്. കൂടെയുണ്ടായിരുന്നവ ർക്കും പറയാൻ ഉണ്ടായിരുന്നു ഭയാനകമായ അനുഭവങ്ങൾ. ''ആനയുടെ തുമ്പിക്കൈ യ്ക്ക് അപ്പുറത്തും ഇപ്പുറത്തുമായി ഞങ്ങൾ കിടക്കുകയായിരുന്നു. റോസമ്മ ചേച്ചിയെ കാലു കൊണ്ട് തട്ടുന്നതൊക്കെ ഞങ്ങൾ കാണുന്നുണ്ട്. ചേച്ചിയെ കൊമ്പിൽ കോർക്കും, ഞങ്ങളെ ചവിട്ടി യരയ്ക്കും എന്നൊക്കെയാണ് കരുതിയത്. പക്ഷേ, ആരോ തടഞ്ഞ് നിറുത്തിയപോലെ ആന നിന്നു'' പരിഭ്രാന്തിയോടെ ഏബ്രഹാം പറയുന്നു. കൂട്ട ത്തിൽ കൂടുതൽ പരുക്ക് ബാബുവിനാണ്. ആന യൊന്നും ചെയ്തിട്ടല്ല, മറിച്ച് ഭയന്നോടി വീണ താണ്. ആനയ്ക്കിതിൽ ഒരു പങ്കുമില്ല. വേദനയുടെ നടുവിലും കരച്ചിൽ അമർത്തി പിടിച്ചത് ബാബു വിനും കൂട്ടർക്കും ഗുണമായി.

കോയമ്പത്തൂരിനടുത്തുള്ള ഒരു ഉൾപ്രദേശ മാണ് ഈ താവളം. ചോളവും, കരിമ്പും നിറഞ്ഞ് നിൽക്കുന്നതിനാൽ ആനകൾ ഇവിടേക്ക് വരു ന്നത് പതിവാണ്. എന്നാൽ പുറമേനിന്ന് വരുന്ന വർക്ക് ഇതൊരറിവല്ല. ഇത് തന്നെയാണ് തിരുവല്ല യിൽനിന്നും വന്നവർക്ക് സംഭവിച്ചത്.

സംഭവത്തേതുടർന്ന് പലരും കാണാനെത്തി. ഇതിനിടയിൽ ആരോപറഞ്ഞ ഒരു കാര്യം റോസ മ്മയേയും കൂട്ടരെയും വീണ്ടും ഞെട്ടിച്ചു. ഈ സംഭവം നടന്ന അതേസ്ഥലത്തുവച്ച് കാട്ടാന ഒരു സ്ത്രീയെ രണ്ടായി പിളർന്ന് വലിച്ചെറിഞ്ഞു വത്രെ. അത് സംഭവിച്ചിട്ട് രണ്ടാഴ്ച്ചപോലും ആയില്ല താനും.

ഏതായാലും ജീവൻ തിരിച്ച് കിട്ടിയ റോസമ്മ യ്ക്ക് ഇപ്പോൾ നല്ല ധൈര്യം ലഭിച്ചു എന്നു വേണം പറയാൻ. സധൈര്യം, ദൈവപരിപാലന യുടെ തണലിൽ റോസമ്മ ഇന്നു ദൈവസ്മര ണയിൽ കൈകൂപ്പുന്നു. പണ്ടാരോ പറഞ്ഞ പോലെ 'കാട്ടാന വന്നിട്ട് എന്തോന്ന് കാട്ടാന.'' ●



നിരണം മേഖലാ എം.സി.എ.യുടെ ആഭിമുഖ്യത്തിൽ നിരണം മേഖലയിലെ സൺഡേസ്കൂൾ കുട്ടികൾക്കുവേണ്ടി നടത്തിയ പഠനക്ലാസ്സിൽ (way to success) വൈദികോപദേഷ്ടാവ് ഫാ. വർഗീസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്യുന്നു. അതിരൂപത പ്രസിഡന്റ് ജോജി വിഴാലിൽ, മേഖലാ പ്രസിഡന്റ് അനി ഏനാരിൽ, സി.സി. വർഗീസ് ചിറയിൽ, എ.വി. ജോസഫ്, സൻജു പി. ചാക്കോ എന്നിവർ പങ്കെടുത്തു.

# വീണ്ടും ചില CATH കാര്യങ്ങൾ



**ഡോ. സാജൻ അഹമ്മദ്, MD DM DNB**
**കാർഡിയോളജിസ്റ്റ്, പുഷ്പഗിരി മെഡിക്കൽ കോളേജ്**

**ഇ**ന്ന് ഹൃദ്രോഗ ചികിത്സാ കേന്ദ്രങ്ങളിലെ അത്യന്താപേക്ഷികമായ ഒരു ഘടകമാണ് കാർഡിയാക് കാത്ത് ലാബ് (Cardiac Cath Lab). ഇതിന്റെ പ്രവർത്തനത്തെക്കുറിച്ചും ഇവിടെ നടത്തപ്പെടുന്ന രോഗനിർണ്ണയ/ ചികിത്സാരീതികളെക്കുറിച്ചും നമുക്ക് ലഘുവായി മനസ്സിലാക്കാം.

**1. കാത്ത് ലാബിന്റെ പ്രധാനപ്പെട്ട യന്ത്രം പ്രവർത്തിക്കുന്നതെങ്ങനെയാണ്?**



**ഉ.** എക്സ്-റേ കിരണങ്ങൾ ഉപയോഗിച്ച് ഹൃദയത്തിന്റെയും ഹൃദയധമനികളുടെയും "live" ചിത്രങ്ങളാണ് നമുക്ക് ലഭിക്കുന്നത്. ടിവി ചാനൽ ഭാഷയിൽ പറഞ്ഞാൽ ഹൃദയത്തിന് ഒരു 'തത്സമയ സംപ്രേഷണം' പോലെ.

**2. ആൻജിയോഗ്രാം (Angiogram) എന്താണ്?**



**ഉ.** ഹൃദയമാണ് ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും രക്തം നല്കുന്നത്. എന്നാൽ ഈ അധ്വാനിയായ ഹൃദയത്തിന് സ്വയം പ്രവർത്തിക്കാൻ രക്തം നല്കുന്ന രക്തധമനികളെയാണ് 'coronary artery' എന്നു പറയുന്നത്. ഇവയിലൂടെയുള്ള രക്തയോട്ടം 'contrast' എന്ന മരുന്ന് ഇൻജക്റ്റ് ചെയ്തുകൊണ്ട് മനസ്സിലാക്കുന്നതിനെയാണ് coronary angiogram എന്നു പറയുന്നത്.

**3. ആൻജിയോഗ്രാം ചെയ്യുന്നതെങ്ങനെയാണ്?**

**ഉ.** സാധാരണ കൈയിലെ രക്തക്കുഴലിലൂടെ



(ചിലപ്പോൾ കാലിലൂടെയും), 'catheter' എന്ന ട്യൂബുകൾ കടത്തി അവയെ ഹൃദയത്തിലെ രക്തക്കുഴലുകളിൽ എത്തിച്ചാണ് ആൻജിയോഗ്രാം ചെയ്യുന്നത്. ഡിസ്പ്ലേ സ്ക്രീനിൽ ഇതിന്റെ ദൃശ്യങ്ങൾ നമുക്ക് കാണാവുന്നതാണ്.

**4. ആൻജിയോപ്ലാസ്റ്റി (Angioplasty) എന്താണ്?**




**ഉ.** ആൻജിയോഗ്രാം ഒരു പരിശോധന മാത്രമാണ്. രക്തക്കുഴലുകളിൽ 'ബ്ലോക്കുകൾ' ഉണ്ടെങ്കിൽ അവയെ ചികിത്സിച്ച് മാറ്റുന്ന ചികിത്സാരീതിയാണ് ആൻജിയോപ്ലാസ്റ്റി. പ്രത്യേക ട്യൂബുകൾ ഉപയോഗിച്ച് രക്തധമനിക്കുള്ളിലൂടെ wire, balloon, stent എന്നിവ കടത്തിയാണ് സാധാരണയായി ആൻജിയോപ്ലാസ്റ്റി ചെയ്യുന്നത്.

**5. പ്രൈമറി ആൻജിയോപ്ലാസ്റ്റി (Primary angioplasty) എന്നാൽ എന്ത്?**







**ഉ.** ഹൃദയാഘാതം സംഭവിക്കുന്ന രോഗിക്ക് ജീവൻ രക്ഷിക്കുന്നതിനായി എമർജൻസിയായി

ചെയ്യുന്ന ആൻജിയോപ്ലാസ്റ്റിയാണിത്. ST എലിവേഷൻ MI എന്നതരം ഹൃദയാഘാതത്തിനാണ് ഈ രീതി സ്വീകരി ക്കുന്നത്. ലോകത്തെല്ലായിടത്തും സ്വീകരിച്ചു വരുന്ന പ്രക്രിയയാ ണിത്.

**6. സ്റ്റെന്റ് (stent) എന്നാലെന്ത്?**



**ഉ.** ആൻജിയോപ്ലാസ്റ്റി ചെയ്യപ്പെടുന്ന രക്തക്കുഴലിന്റെ ബ്ലോക്കുമാറ്റി തുറന്നുതന്നെ വയ്ക്കാനായി ഉപയോഗിക്കുന്ന ലോഹവും മറ്റും കലർന്ന ഒരു സിലിണ്ടർ ആകൃതിയിലുള്ള ട്യൂബാണ് സ്റ്റെന്റ്. ഹൃദ്രോഗ ചികിത്സയെ ലോകമെമ്പാടും മാറ്റിമറിച്ച ഒരു 'അടാറ്' സംഭവമാണ് സ്റ്റെന്റ്.

**7. സ്റ്റെന്റുകൾ എത്രതരം?**



**ഉ.** കാറുകളും ടിവി കളും മൊബൈൽ ഫോണുകളും പല തരം ഉണ്ടല്ലോ. അതു പോലെ സ്റ്റെന്റുകളും പലതരമാണ്. പ്രധാനമായും മൂന്നു തരം സ്റ്റെന്റുകളാണുള്ളത്.

Bare metal stent, drug eluting stent (മരുന്നു പുരട്ടിയ സ്റ്റെന്റ്), Bioabsorbable stent (അലിഞ്ഞു പോകുന്നതരം സ്റ്റെന്റ്). ഇന്ന് ഏറ്റവും കൂടുതൽ തിരഞ്ഞെടുക്കപ്പെടുന്നത് മരുന്നു പുരട്ടിയ സ്റ്റെന്റുകളാണ് (Drug eluting stent).

**8. ആൻജിയോപ്ലാസ്റ്റി (stenting) കഴിഞ്ഞ രോഗി അത്യധികം ശ്രദ്ധയോടെ മരുന്നുകൾ മുടങ്ങാതെ നോക്കണം എന്നു പറയുന്നതെന്തു കൊണ്ടാണ്?**



**ഉ.** സ്റ്റെന്റിനുള്ളിൽ രക്തക്കട്ടയുണ്ടായി വീണ്ടും ബ്ലോക്കും ഹൃദയാഘാതവും ഉണ്ടാകാതിരിക്കാനാണ് ഇത് നിർബന്ധമായും പറയുന്നത്.

**9. ആൻജിയോപ്ലാസ്റ്റിക്ക് ഗാരന്റി (Guarantee) ഉണ്ടോ?**



**ഉ.** ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എന്നിവ പോലെ കൃത്യമായി സമയപരിധി പറയാൻ ബുദ്ധിമുട്ടാണ്! എന്നാലും സാധാരണയായി ഉപയോഗിക്കുന്ന സ്റ്റെന്റുകളിൽ വീണ്ടും ബ്ലോക്കുവരാനുള്ള സാധ്യത ആദ്യത്തെ ഒരു വർഷത്തിൽ ഏകദേശം 4 വരെ ആണ്. (അതായത് നൂറിൽ 96 പേർക്കും അത് സംഭവിക്കില്ല.)

**10. ആൻജിയോഗ്രാമിൽ ബ്ലോക്ക് കണ്ടുപിടിക്കപ്പെടുന്ന എല്ലാ രോഗികൾക്കും ആൻജി യോപ്ലാസ്റ്റി ആവശ്യമാണോ?**



**ഉ.** ഇല്ല. പല 'കട്ടി കുറഞ്ഞ' ബ്ലോക്കുകൾക്കും മരുന്നുചികിത്സ മതിയാകും.സാധാരണയായി 70% അല്ലെങ്കിൽ അതിൽ കൂടുതൽ ബ്ലോക്ക് ഉണ്ടെങ്കിൽ മാത്രമാണ് ആൻജിയോപ്ലാസ്റ്റി ചെയ്യുന്നത്. അതുമാത്രമല്ല, ചില തരം ബ്ലോക്കുകൾക്ക് ബൈപ്പാസ് സർജറിയായിരിക്കും നിർദ്ദേശിക്കുക.

**11. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റിക്ക് side effects (പാർശ്വഫലങ്ങൾ), complications (അപകടങ്ങൾ) ഉണ്ടോ?**




**ഉ.** ഡെലിവറി, ഹെർണിയ സർജറി, തിമിര ശസ്ത്രക്രിയ തുടങ്ങിയ ഏതു മെഡിക്കൽ കാര്യം പോലെയും, റോഡു ക്രോസ് ചെയ്യൽ, എയ്റോപ്ലെയ്ൻ യാത്ര തുടങ്ങി ജീവിതത്തിന്റെ ഭാഗമായ എല്ലാ കാര്യങ്ങളേയും പോലെതന്നെ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവയ്ക്കും പാർശ്വഫലങ്ങളും, അപകടങ്ങളും അപൂർവ്വമായി സംഭവിക്കാം. സാധാരണയായി ഇത് 1 ൽ താഴെയാണ് കാണാറുള്ളത്. (ഉദാഹരണങ്ങൾ : രക്തസ്രാവം, രക്തത്തിൽ ക്രിയാറ്റിൻ ലെവൽ വർദ്ധിക്കൽ, നീര്)

**12. അവസാനമായി എല്ലാവരും ചോദിക്കുന്ന ചോദ്യം 'വേദനയെടുക്കുമോ'?**

**ഉ.** കൈയിൽ, അല്ലെങ്കിൽ കാലിൽ സൂചി (needle) കടത്തിയാണ് procedure-ന്റെ തുടക്കം. വേദന കുറയ്ക്കുവാനായി സൂചി വയ്ക്കുന്ന ഭാഗത്ത് മരവിപ്പിക്കാനായുള്ള മരുന്ന് കുത്തി വച്ചശേഷമാണ് ഇതു ചെയ്യുന്നത്. അതിനാൽ വേദന കുറവായിരിക്കും. ഒരു ഉറുമ്പു കടിക്കുന്നപോലെ (കട്ടുറുമ്പല്ല!). ●






# IMAGE CONSULTING AS A CAREER



ANNIE ANISH

The first Image Consultants were mothers themselves. They were responsible for grooming the child, for coaching their sons on their visual communication or the image they wanted to project. From then on it moved to teachers in schools, clerks/ salesmen in the clothing stores and so on. In India it was also the tailors.

